
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ശ്ലീഹാ ലക്കം 2013



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



**"ഇതാകുന്നു ദൈവഹിതം -**
**നിങ്ങളുടെ വിശുദ്ധീകരണം"**
(1 തെസ 4,3).

**ദൈവദാസൻ**
**ബിഷപ് വില്യം ജക്വീന്താ**

പരിശുദ്ധാരൂപിയേ,
സ്നേഹത്തിന്റേയും വിശുദ്ധിയുടെയും അരൂപിയേ വരിക!
പരിശുദ്ധ മറിയത്തിന്മേൽ ആവസിച്ചുകൊണ്ട്
നിത്യവചനത്തിന്റെ അമ്മയായി അവളെ നീ മാറ്റിയല്ലോ!
ഞങ്ങളിലും അങ്ങു വന്നു നിറഞ്ഞ്
ഞങ്ങളേയും വിശുദ്ധിയുടെ പ്രേഷിതരാക്കിത്തീർക്കേണമെ.
ദിവ്യാരൂപിയേ,
അമലോത്ഭവയായ പരിശുദ്ധ അമ്മയുടെയും
അപ്പസ്തോലന്മാരുടെയും
സാന്നിദ്ധ്യം നിറഞ്ഞുനിന്ന സെനക്കിളിൽവച്ച്
അങ്ങയുടെ സഭയ്ക്ക് അങ്ങു രൂപം നല്കിയല്ലോ.
സെനക്കിളിന്റെ അരൂപി ഞങ്ങൾക്കും
പ്രദാനം ചെയ്യേണമെ.
പരിശുദ്ധാത്മാവേ,
സഭയും ലോകവും
അങ്ങയുടെ സാന്നിദ്ധ്യം നിറഞ്ഞുനില്ക്കുന്ന
ഒരു സെനക്കിൾ ആയിക്കാണുവാൻ
ഞങ്ങൾ ആഗ്രഹിക്കുന്നു.
ആ സെനക്കിളിൽനിന്നും
പിതാവിനോടും സഹോദരങ്ങളോടുമുള്ള
പരമാവധിസ്നേഹത്തിന്റെ പുതിയ കല്പന
പ്രചരിപ്പിക്കുവാൻ
ഞങ്ങൾക്കിടയാകട്ടെ.

**ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ**

# പ്രതീക്ഷയുടെ പൂമൊട്ടുകൾ





വാല്യം 31 ശ്ലീഹാ ലക്കം 2013


**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)**


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ഈശോയിലൂടെ പിതാവിലേക്ക് 03
- സഹനത്തിന്റെ കാസ അതിന്റെ മട്ടുവരെ കുടിച്ച നിമിഷങ്ങൾ 06
- കോമ്പസിലെ ജീവിതം 08
- പരി. മറിയത്തിലൂടെയുള്ള സംഭാഷണം 09
- സുവിശേഷ ദൗത്യം 11
- അനുദിനജീവിതത്തിലേക്കെത്തിനില്ക്കുന്ന പന്തക്കുസ്ത 13
- സമ്പാദ്യം വരുന്ന വഴി 14
- വിശുദ്ധിയുടെ മുത്തുകൾക്ക് 16
- Creating Harmony in Your World 18
- വിശ്വാസത്തിന്റെ തീപ്പന്തങ്ങൾ 19
- തളിരിലയും കരിയിലയും 22
- സ്നേഹത്തെ ഒറ്റുകൊടുക്കല്ലേ... 24
- എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ 26
- സ്വപ്നം യാഥാർത്ഥ്യമായാൽ 30
- അമ്മയോടൊപ്പം വിശ്വാസവഴിയേ 31
- 3 ജി ബ്രോക്കേഴ്സ് 32

എഡിറ്റോറിയൽ

# പരിശുദ്ധാത്മശക്തിയാൽ

പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ധ്യാനിക്കുന്ന ശ്ലീഹാക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഈലോകജീവിതത്തിനും മരണോത്ഥാനങ്ങൾക്കും ശേഷം തന്റെ ശ്ലീഹന്മാരെ അനാഥത്വത്തിലേക്ക് ഉപേക്ഷിച്ചിട്ടല്ല ഈശോ സ്വർഗ്ഗാരോപിതനായത്. എന്നേയ്ക്കും കൂടെ വസിക്കുന്ന സഹായകനായ പരിശുദ്ധാത്മാവിനെ അവിടുന്ന് അവർക്കു നല്കി. പരിശുദ്ധാത്മാവിനെ സ്വീകരിച്ച് പ്രാപിച്ച ശ്ലീഹന്മാർ എല്ലാ പ്രതിസന്ധികളെയും സഹനങ്ങളെയും അതിജീവിച്ച് തങ്ങൾ അനുഭവിച്ചറിഞ്ഞ ഈശോയ്ക്ക് സാക്ഷികളായി; ഈശോയുടെ സുവിശേഷപ്രഘോഷകരായി. തങ്ങളുടെ ജീവൻപോലും തൃണവൽക്കരിച്ചുകൊണ്ടാണ് അവർ തങ്ങളുടെ സുവിശേഷപ്രഘോഷണദൗത്യം നിർവഹിച്ചത്.

മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിൽ ജനിച്ച് സഭയുടെ മക്കളായിത്തീർന്ന നമുക്കെല്ലാവർക്കും ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണദൗത്യം തുടരാനുള്ള കടമയുണ്ട്. പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെട്ട ജീവിതമാണ് യഥാർത്ഥ സാക്ഷ്യം. ഈശോയുടെ സുവിശേഷം പ്രഘോഷിക്കുന്ന ഏറ്റം വലിയ വേദി നമ്മുടെ ഓരോരുത്തരുടെയും ജീവിതമായിരിക്കണം. ചിന്തകളും വാക്കുകളും പ്രവർത്തനങ്ങളും സുവിശേഷപ്രഘോഷണത്തിനുള്ള മാർഗ്ഗമായി മാറ്റുമ്പോൾ പലതരത്തിലുള്ള പ്രതിസന്ധികളെ നേരിടേണ്ടി വന്നേക്കാം; ജീവൻ ത്യജിക്കേണ്ടി വന്നില്ലെങ്കിലും ജീവിക്കുന്ന രക്തസാക്ഷിയായി മാറേണ്ടി വന്നേക്കാം. എന്നാൽ  സഭയുടെ വചനസ്വീകരണത്തിലൂടെയും കൂദാശാജീവിതത്തിലൂടെയും പ്രാർത്ഥനയിലൂടെയും നമുക്കു ലഭിക്കുന്ന ദൈവാത്മാവിന്റെ ശക്തിയിലും സാന്നിദ്ധ്യത്തിലും സഹവാസത്തിലും ഉറച്ചുവിശ്വസിച്ചുകൊണ്ട് ഈ ലോകത്തിലെ തിന്മയുടെ ശക്തിയെ കീഴടക്കാൻ നമുക്കു കഴിയണം. അനുഭവിച്ചറിഞ്ഞ ദൈവസ്നേഹത്തിന് സാക്ഷ്യമേകുന്ന ജീവിതം നയിക്കാൻ നിത്യസഹായകനായ പരിശുദ്ധാരൂപി എല്ലാവരെയും അനുഗ്രഹിക്കട്ടെ!!

ചീഫ് എഡിറ്റർ

സെനക്കിൾ ആദ്ധ്യാത്മികത - 12



# ഈശോയിലൂടെ പിതാവിലേക്ക്

**ഡോ. മാത്യു വെള്ളാനിക്കൽ**

ക്രിസ്തീയജീവിതം പിതാവിന്റെ ഭവനത്തിലേക്ക് അഥവാ സ്വർഗ്ഗത്തിലേക്കുള്ള ഒരു യാത്രയാണ്. "വിശ്വാസത്തിന്റെ വാതിൽ" എന്ന ശ്ലൈഹികലേഖനത്തിൽ പരിശുദ്ധ പിതാവ് ബനഡിക്റ്റ് മാർപ്പാപ്പാ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. വിശ്വാസം പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടുമുള്ള കൂട്ടായ്മയിലേക്കു നമ്മെ പ്രവേശിപ്പിക്കുന്ന വാതിലാണ്. ഈ വാതിൽ മരണത്തോടുകൂടി അടയ്ക്കപ്പെടുകയും സ്വർഗ്ഗസൗഭാഗ്യത്തിലേക്ക് നമ്മെ പ്രവേശിപ്പിക്കുകയും ചെയ്യുന്നു. വിശ്വാസജീവിതത്തിലൂടെയുള്ള ഈ യാത്ര ഈശോയാകുന്ന വഴിയിലൂടെയുള്ള യാത്രയാണ്: "ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹ 14,6).

### ഈശോയുടെ ജീവിതം: പിതാവിലേക്കുള്ള യാത്ര

തന്റെ ജീവിതം പിതാവിലേക്കുള്ള യാത്രയാണെന്ന് ഈശോ പല പ്രാവശ്യം ശിഷ്യന്മാരോടു പറഞ്ഞിട്ടുള്ളതാണ്: "ഈശോ പറഞ്ഞു: അല്പസമയംകൂടി ഞാൻ നിങ്ങളോടുകൂടെയുണ്ട്. അതിനുശേഷം ഞാൻ എന്നെ അയച്ചവന്റെ അടുത്തേക്കു പോകും" (യോഹ 7,33). ഈ ലോകജീവിതം കഴിഞ്ഞ്, തന്നെ അയച്ച പിതാവിന്റെ അടുത്തേക്കു പോകും എന്ന ബോദ്ധ്യം ഈശോയ്ക്കുണ്ടായിരുന്നു എന്നത് യോഹന്നാൻ സുവിശേഷകൻ എടുത്തുപറയുന്നുമുണ്ട്: "ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് ഈശോ അറിഞ്ഞു'' (യോഹ 13,1). എന്നിട്ടും ഒന്നും മനസ്സിലാകാത്തവനെപ്പോലെ അവരുടെ പ്രതിനിധിയായി തോമ്മാശ്ലീഹാ ചോദിക്കുന്നു: "കർത്താവേ, നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?'' (യോഹ 16,5). അപ്പോഴാണ് താൻ പിതാവിലേക്കുള്ള വഴിയാണെന്ന് ഈശോ വ്യക്തമായി പറഞ്ഞത്.

### ഈശോ പിതാവിലേക്കുള്ള വഴി

ദൈവവുമായി ബന്ധപ്പെട്ട വഴികളെപ്പറ്റി പഴയനിയമത്തിൽ പരാമർശമുണ്ട്. ദൈവം മോശയോടു പറഞ്ഞു: "നിങ്ങൾ ജീവിച്ചിരിക്കാനും നിങ്ങൾക്കു നന്മയുണ്ടാകാനും നിങ്ങൾ കൈവശമാക്കുന്ന ദേശത്ത് ദീർഘനാൾ വസിക്കാനുംവേണ്ടി നിങ്ങളുടെ ദൈവമായ കർത്താവ് കല്പിച്ചിട്ടുള്ള മാർഗ്ഗത്തിലൂടെ ചരിക്കണം"

(നിയ 5,33). അതുപോലെ മോശ ജനത്തോടു പറഞ്ഞു: "എന്റെ മരണത്തിനുശേഷം നിങ്ങൾ തീർത്തും ദുഷിച്ചുപോകുമെന്നും ഞാൻ കല്പി ച്ചിരിക്കുന്ന മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കു മെന്നും എനിക്കറിയാം" (നിയ 31,29). ദൈവ ത്തിന്റെ വഴികളിലൂടെ മനുഷ്യൻ നടക്കണ മെന്ന ഈ പഴയനിയമ പാരമ്പര്യത്തിന്റെ പശ്ചാ ത്തലത്തിലാണ് ഈശോ "ഞാനാണ് വഴിയും സത്യവും ജീവനും" എന്ന് അരുളിച്ചെയ്തത്. ഈശോ ദൈവത്തിലെത്തിച്ചേരാനുള്ള വഴി പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയല്ല, താൻ തന്നെയാണ് ദൈവത്തിലേക്കുള്ള വഴി എന്ന് പ്രഖ്യാപിക്കുകയാണ്. ഈശോ നമ്മെ പിതാ വിന്റെ ഭവനത്തിലേക്ക് കൈപിടിച്ചുനടത്തുക യാണ്. നമുക്കറിഞ്ഞുകൂടാത്ത ഒരു സ്ഥല ത്തേക്ക് ഒരാൾ വഴി പറഞ്ഞുതന്ന് വിടുന്നതി നെക്കാൾ എത്രയോ സന്തോഷദായകമാണ് ഒരാൾ ആ സ്ഥലത്തേക്ക് നമ്മെ കൈപിടിച്ചു കൊണ്ടുപോകുന്നത്? അതുപോലെ പിതാവി ലേക്കും പിതാവിന്റെ ഭവനത്തിലേക്കും നമ്മെ കൈപിടിച്ചുകൊണ്ടുപോകുന്നവനാണ് ഈശോ.



### ഈശോ പിതാവിനെ വെളിപ്പെടുത്തുന്നവൻ

പിതാവിലേക്കുള്ള വഴിയായിത്തീരു വാൻ ഈശോയ്ക്കു കഴിഞ്ഞത് പിതാവിനെ വെളിപ്പെടുത്തുവാൻ അവിടുത്തേക്കു കഴിഞ്ഞ തുകൊണ്ടാണ്. ഈശോയാണ് പിതാവിനെ വെളിപ്പെടുത്തുന്ന ഏക വ്യക്തി. "... സത്യവും ഞാനാണ്" എന്ന് ഈശോ പറഞ്ഞതിന്റെ അർത്ഥം അതാണ്. 'സത്യം' എന്നതിന്റെ അർത്ഥം 'വചനം' എന്നാണ്. അവിടുത്തെ അന്ത്യഅത്താഴപ്രാർത്ഥനയിൽ ഈശോ പറ യുന്നു: "അവിടുത്തെ വചനമാണ് സത്യം" (യോഹ 17,17). ദൈവത്തിന്റെ വചനം മാംസ മായി എന്നാണല്ലോ ഈശോയുടെ മനുഷ്യാ വതാരത്തെപ്പറ്റി യോഹന്നാൻ പറയുന്നത് (യോഹ 1,14). അവിടുത്തെ രാജത്വത്തെപ്പറ്റി പീലാത്തോസ് ചോദ്യം ചെയ്തപ്പോൾ ഈശോ പറയുന്നു: "ഇതിനുവേണ്ടിയാണ് ഞാൻ ജനിച്ചത്. ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും – സത്യത്തിനു സാക്ഷ്യം നല്കാൻ" (യോഹ 18,37). ഈശോ മാത്രമാണ് ആരും ഒരിക്കലും കണ്ടിട്ടില്ലാത്ത ദൈവത്തെ ലോകത്തിനു കാണിച്ചുകൊടുത്ത ത്. അത് അവിടുന്നു നിർവ്വഹിച്ചത് പിതൃപു ത്രബന്ധം ജീവിച്ചുകൊണ്ടാണ് (യോഹ 1,18). അങ്ങനെ ദൈവത്തെ പിതാവായി ലോക ത്തിനു വെളിപ്പെടുത്തുന്ന ഏക വ്യക്തിയെന്ന നിലയിൽ ഈശോ പിതാവിലേക്കുള്ള ഏക വഴിയാണ്.

### ഈശോ പിതാവിന്റെ മുഖം

ഞങ്ങൾക്കു പിതാവിനെ കാണിച്ചുത ന്നാൽ മതിയെന്ന് പീലിപ്പോസ് പറഞ്ഞപ്പോൾ ഈശോ പറയുന്നു: "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ 14,9). തന്റെ വാക്കുകളും പ്രവൃത്തികളും പിതാവിന്റേതുത ന്നെയാണെന്നും ഈശോ വ്യക്തമാക്കുന്നുണ്ട്: "ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ സ്വമേ

ധയാ പറയുന്നതല്ല; പ്രത്യുത എന്നിൽ വസി ക്കുന്ന പിതാവ് തന്റെ പ്രവൃത്തികൾ ചെയ്യുക യാണ്" (യോഹ 14,10). ജീവിതത്തിന്റെ കണ്ണാ ടിയാണല്ലോ മുഖം. അതുകൊണ്ട് ഈശോ പിതാവിന്റെ മുഖംതന്നെയാണെന്നു പറയാം. പഴയനിയമത്തിൽ മുഖം കാണിക്കാത്ത ദൈവം (പുറ 33,20-22) ഈശോയിൽ തന്റെ മുഖം മനു ഷ്യർക്കു കാണിച്ചു. പിതാവായ ദൈവം ഈശോയിലൂടെ ഒരു സാധാരണ മനുഷ്യകു ടുംബാംഗമായി. മരപ്പണിക്കാരനായ യൗസേ പ്പിന്റെ വളർത്തുമകനായ ഈശോയിലൂടെ പിതാവായ ദൈവം ഒരു തൊഴിലാളിയായി. പ്രലോഭിപ്പിക്കപ്പെട്ട ഈശോയിലൂടെ പിതാ വായ ദൈവം പ്രലോഭനങ്ങളോടു പടവെട്ടുന്ന മനുഷ്യന്റെ ജീവിതപങ്കാളിയായി. ജീവൻ പോലും നല്കി എല്ലാവരെയും സ്നേഹിച്ച ഈശോയിലൂടെ പിതാവായ ദൈവം സ്നേഹം തന്നെയാണെന്ന് സ്വയം വെളിപ്പെടുത്തി.

**ഈശോ: പിതാവിന്റെ ജീവൻ നല്കുന്നവൻ**

ദൈവത്തിന്റെ ഏകജാതനെന്ന നില യിൽ അവിടുത്തെ ജീവനിൽ പങ്കുചേരുന്ന ഏകവ്യക്തിയാണ് ഈശോമിശിഹാ. അതുകൊ ണ്ടുതന്നെ ഈ ജീവൻ മനുഷ്യർക്കു നല്കാൻ ഈശോയ്ക്കു മാത്രമേ കഴിയൂ. ഈശോ ലോക ത്തിലേക്കു വന്നതിന്റെ ലക്ഷ്യവും മറ്റൊന്നുമല്ല: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാ കാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10,10). '...ജീവനും ഞാനാണ്' എന്ന് ഈശോ അരുളിച്ചെയ്തത് ഈ അർത്ഥത്തിലാ ണ്. പിതാവായ ദൈവത്തെ വെളിപ്പെടുത്തു ന്നവനും അവിടുത്തെ ജീവൻ നല്കുന്നവനു മെന്ന നിലയിലാണ് ഈശോ പിതാവിലേ ക്കുള്ള വഴിയായിത്തീരുന്നത്. ഈശോയിലുള്ള വിശ്വാസവും ഈശോയോടൊത്തുള്ള ജീവി തവുമാണ് നമ്മെ പിതാവിലേക്കും പിതാവിന്റെ ഭവനത്തിലേക്കും എത്തിക്കുന്നത്.

**സഭ: പിതാവിലേക്കുള്ള വഴി**

പിതാവിലേക്കുള്ള വഴി ഈശോയാ ണെങ്കിൽ ഈശോമിശിഹായുടെ ശരീരമായ സഭയും പിതാവിലേക്കുള്ള വഴിയാണ്. സഭയ്ക്ക് 'വഴി' അഥവാ 'മാർഗ്ഗം' എന്ന പേര് ആദിമനൂറ്റാണ്ടിൽത്തന്നെ നല്കപ്പെട്ടു. 'മിശി ഹാമാർഗ്ഗം സ്വീകരിച്ചവർ' എന്നു വിശേഷിപ്പി ക്കപ്പെട്ട ദമാസ്കസിലെ സഭാംഗങ്ങളെ അറ സ്റ്റുചെയ്യാനാണല്ലോ സാവൂൾ അധികാരപത്രം ആവശ്യപ്പെട്ടത് (നട 9,2). മാർത്തോമ്മാ ക്രിസ്ത്യാനികൾ അറിയപ്പെട്ടിരുന്നത് 'തോമ്മാ യുടെ മാർഗ്ഗം' സ്വീകരിച്ചവർ എന്നായിരുന്ന ല്ലോ. അതുകൊണ്ട് സഭാംഗങ്ങളെല്ലാവരും പിതാവിലേക്കുള്ള വഴിയായ ഈശോയിൽ ജീവിക്കുന്നവരും പിതാവിലേക്കുള്ള വഴി മറ്റു മനുഷ്യർക്ക് തെളിക്കുന്നവരുമാകണം.

**ആരാധനക്രമവത്സരം**

*ആണ്ടുവട്ടത്തിൽ വിവിധകാലങ്ങളി ലൂടെ മിശിഹായുടെ രക്ഷാകരരഹസ്യ ങ്ങൾ മുഴുവനും അനുഭവവേദ്യമാ ക്കിക്കൊണ്ട് സഭാതനയരുടെ സ്വർഗ്ഗോ ന്മുഖതീർത്ഥാടനം വിജയപ്രദമാക്കു വാൻ സഭാമാതാവ് സംവിധാനം ചെയ്തി രിക്കുന്നതാണ് ആരാധനക്രമവത്സരം. ഈശോമിശിഹായിൽ പൂർത്തിയാക്ക പ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധ തിയിലെ പ്രധാനസംഭവങ്ങളെ കേന്ദ്രീക രിച്ചുള്ളതാണ് പൗരസ്ത്യസുറിയാനിസ ഭയിലെ ആരാധനാവത്സരം. 9 ആരാധ നാകാലങ്ങളായാണ് പൗരസ്ത്യസുറിയാ നിസഭയിലെ ആരാധനാവത്സരത്തെ വിഭജിച്ചിരിക്കുന്നത്. ഓരോ കാല ത്തിന്റെയും ചൈതന്യമനുസരിച്ചുള്ള ജീവിതംവഴി സഭാമക്കൾക്ക് മിശിഹായെ അനുഭവിക്കുന്നതിനും തങ്ങളുടെ ജീവി തത്തെ വിശുദ്ധീകരിക്കുന്നതിനും സാധിക്കുന്നു. മറ്റ് തിരുനാളാഘോഷ ങ്ങളും ഭക്താനുഷ്ഠാനങ്ങളും നോമ്പാ ചരണങ്ങളുമെല്ലാം ഈ മിശിഹാനുഭവ ത്തിലേക്കു നമ്മെ നയിക്കുന്നതാവണം.*




# സഹനത്തിന്റെ കാസ അതിന്റെ മട്ടുവരെ കുടിച്ച നിമിഷങ്ങൾ

**മങ്ങാടൻ**

രണ്ടര മാസം ഇൻഡോ അമേരിക്കൻ ഹോസ്പിറ്റലിൽ (വെന്റിലേറ്ററിൽ. 4 ദിവസം, ഐ.സി.യുവിൽ 45 ദിവസം) ശേഷം അഞ്ചര മാസം മേരി ക്യൂൻസ് ഹോസ്പിറ്റലിൽ (കാഞ്ഞിരപ്പള്ളി). ഡോക്ടർ സായി പറഞ്ഞു: "എന്റെ കൈകൾകൊണ്ട് എന്താ ചെയ്യേണ്ടതെന്ന് കാണിച്ചുതരാൻ തമ്പുരാനോട് പ്രാർത്ഥിക്കുക''. രക്തത്തിലെ വിഷാംശം നീക്കം ചെയ്യാൻ 1,26,500 ന്റെ 5 ഇൻജക്ഷൻ. തളർച്ച സംഭവിച്ച ദിവസം തന്നെ കഫം നീക്കാൻ ട്രക്കിയോസ്റ്റമി ട്യൂബ് ഇട്ടു. അതോടൊപ്പം യൂറിൻ ട്യൂബും. 11 വർഷം തികയുമ്പോഴും വേദനയില്ലാത്ത ഒരു നിമിഷം പോലും ഇല്ല. ഞരമ്പുകൾക്കും സന്ധികൾക്കും എല്ലായിപ്പോഴും വേദന.... തണുപ്പുകൂടിയാൽ.... ചൂടുകൂടിയാൽ.... എല്ലാം വേദന. വിശപ്പെന്തെന്നറിയില്ല. വല്ലാത്ത വിഷമം തോന്നുന്നത് വിശപ്പാണെന്ന് സാവധാനം മനസ്സിലായി.

**എന്റെ എല്ലാം.... തക്കതുണ**

2013 ഫെബ്രുവരി 16 ന് 11 വർഷം തികയുമ്പോൾ ഭാര്യ കുഞ്ഞുമോൾക്ക് (അൽഫോൻസ) പറയാനുള്ളത്-ദൈവം തന്ന ഒരു ദാനം, വരം ആണ് എന്റെ ഭർത്താവ്. ഇങ്ങനെയെങ്കിലും കൂടെയായിരിക്കണേ എന്ന മന്ത്രം മാത്രം അധരങ്ങളിൽ.... ആദ്യമൊക്കെ സ്വീകരിക്കുമ്പോൾ ഹൃദയത്തിലൂടെ വാൾകടക്കുന്ന വേദന തോന്നിയിരുന്നു. എന്നാൽ ഇപ്പോൾ ഇല്ല. എനിക്കു സാധിക്കുന്നതിനേക്കാൾ ഉപരിയായി, എന്റെ ശരീരത്തെ ഞാൻ സ്നേഹിക്കുന്നതിനേക്കാൾ കൂടുതലായി ഞാൻ എന്റെ ഭർത്താവിനെ ശുശ്രൂഷിക്കുന്നു... ഒരു മുറിപ്പാടുപോലും ഉണ്ടാവാതെ.... രാത്രിയിൽ നാല് പ്രാവശ്യമെങ്കിലും തിരിച്ചു കിടത്തണം. സർവ്വജോലികളും തനിയെ.... രണ്ടു മാസക്കാലം കിടപ്പിലായ അമ്മയെയും തളർന്ന ഭർത്താവിനെയും




ഒരുപോലെ ശുശ്രൂഷിച്ചു. ജപമാലയോടുകൂടി ആരംഭിക്കുന്ന ശുശ്രൂഷ വിശ്രമമില്ലാതെ തുടരുന്നു. നാലു ചുവരുകൾക്കുള്ളിൽ ഭർത്താവിനായി ജീവിതം ഉരുകിത്തീരുന്നതിൽ സന്തോഷിക്കുന്ന ഭാര്യ....

രോഗത്തിന്റെ ആരംഭദശകളിലൊക്കെ ഒരുപാട് പ്രാർത്ഥനയും നൊവേനയും കഴിച്ചിട്ടുണ്ട്. 51 വീട് തെണ്ടി നേർച്ച, അക്കരപ്പള്ളിക്കുചുറ്റും നീന്തുനേർച്ച.... ഇങ്ങനെ ഒരുപാടൊരുപാട്....

“തന്നെ സ്നേഹിക്കുന്നവർക്ക്, തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് ദൈവം എല്ലാം നന്മയ്ക്കായി ക്രമീകരിക്കുന്നു” എന്ന് ഉറച്ചുവിശ്വസിച്ച് ജീവിതാനുഭവങ്ങളെ ധൈര്യത്തോടെ നേരിടുവാനുള്ള കൃപ ദൈവം ഞങ്ങൾക്കു നൽകുന്നുണ്ട്. ജീവിതത്തിലുടനീളം ദൈവപരിപാലനയുടെ കരങ്ങളെ ദർശിക്കാനേ ആയിട്ടുള്ളൂ.

**കണക്കുകളില്ലാത്ത സ്നേഹത്തിന്റെ കണക്കുകൾ**

ഉടപ്പിറന്നോർ ഇങ്ങനെയാവണം.... 11 വർഷമായി കുട്ടികളുടെ പഠനം, വീട്, ആശുപത്രി ചെലവുകൾ ഇവ ദൈവം ഇറങ്ങി വന്നാലെന്നപോലെ രണ്ടുപേരുടെയും വീട്ടുകാരിലൂടെ ദൈവം അത്ര ഭംഗിയായി നടത്തുന്നു. “ഒരു പൂ ചോദിച്ചാൽ ഒരു പൂക്കാലം” തരുന്നവനാണ് നല്ല തമ്പുരാൻ എന്നത് ഈ ദമ്പതികളുടെ അനുഭവസാക്ഷ്യം....

കണ്ണുതുറന്നാൽ എവിടെയും ദൈവപരിപാലന മാത്രം. ആവശ്യനേരങ്ങളിലൊക്കെ അനേകം മക്കളിലൂടെ കരുതലിന്റെ നീരൊഴുക്ക് ദൈവം നൽകുന്നു. ഒരു പൈസക്ക് വരുമാനമില്ലാത്ത ഞങ്ങളെ ദൈവം തന്റെ ഉള്ളം കയ്യിൽ വഹിച്ചിരിക്കുകയാണ്. കുഞ്ഞുങ്ങളുടെ പഠനകാര്യം തന്നെയെടുത്താൽ മോളും മോനും സെന്റ് ജോസഫ്സ് കുന്നുംഭാഗം സ്കൂളിലാണ് +2 വരെ ഫീസ് ഇളവോടെ പഠിച്ചത്.

ഒരു മിനി ഹോസ്പിറ്റലായി ഭവനം ഇടയ്ക്ക് മാറും. 6 വർഷമായി വെളിച്ചിയാനി ദേശവാസിയായ ഡോ. ജോർജ് മാത്യു നെല്ലിത്താനം യാതൊരു പ്രതിഫലവും കാംക്ഷിക്കാതെ 30 ദിവസം തികയുമ്പോൾ യൂറിൻ ട്യൂബ് മാറ്റാനെത്തും. ഏതാവശ്യത്തിനും അദ്ദേഹം ഓടിയെത്തും. സെന്റ് അപ്രേം ഹോസ്പിറ്റലിലെ ഡോ. സി. കാർമലി സി.എം.സി., സി. ആനീസ്, സി. പ്രസുന, സി.ഹെലൻ സി. കല്ലംപള്ളി ഇവർ ഏതാവശ്യനേരത്തും മാലാഖമാരെപ്പോലെ അരികിലുണ്ടാവും. ആവശ്യങ്ങളിലൊന്നും മുടക്കം വരുത്താത്ത ദൈവത്തെ ഓരോ വ്യക്തികളിലൂടെയും ഞാൻ തിരിച്ചറിയുന്നു... സ്വപ്നം കാണാൻപോലും സാധിക്കാത്തവിധം, എനിക്ക് ആരോഗ്യമുണ്ടായിരുന്ന കാലത്തേക്കാളും അത്ര ഭംഗിയായി, നിസാരകാര്യങ്ങൾപോലും ക്രമീകരിക്കുന്ന സർവ്വശക്തനായ ദൈവം.... ഇതു പറയുമ്പോൾ കണ്ണുകൾ നിറയുന്നത്, ചുണ്ടുകൾ വിതുമ്പുന്നത് കാണാം.

**സത്രത്തിലിടം ലഭിക്കാത്തവൻ സത്രം നൽകി**

പല വാതിലിൽ മുട്ടിയ അമ്മയുടെ നൊമ്പരം അറിയാവുന്നവനോട് ഒരു കൊച്ചു വീടിനായ് പ്രാർത്ഥന തുടങ്ങിവച്ചിട്ട് ഇത് 4-ാം വർഷം. എല്ലാ വർഷത്തെയും പ്രാർത്ഥന ഇടയ്ക്കുവച്ച് തടസപ്പെട്ടുപോയി. ഇത്തവൻ ചേട്ടൻ പറഞ്ഞിരുന്നു ഒരു വീടും 10 സെന്റ് സ്ഥലവും സൗകര്യപൂർവ്വം കിട്ടുമോ എന്നന്വേഷിക്കുക. അന്വേഷണത്തോടൊപ്പം ഡിസംബർ 1 മുതലുള്ള പ്രാർത്ഥന ശക്തമാക്കി. 1 ദിവസം 40 ‘നന്മനിറഞ്ഞ മറിയമേ’ എന്ന പ്രാർത്ഥന. 25 ദിവസം കഴിയുമ്പോൾ 1000 എണ്ണം തികയും. മുടക്കം വരാതെ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. ഡിസംബർ 25-ാം തീയതി ഡോ. സി. കാർമലി ഒരു ഉണ്ണീശോയെ സമ്മാനമായി തന്നു. അപ്പോഴേ മനസുപറഞ്ഞു സമ്മാനം ലഭിച്ചല്ലോ എന്ന്. അത് അത്ഭുതകരമായ പ്രവർത്തനമായിരുന്നു. തറവാടു വീടിനു സമീപം, റോഡ്സൈഡിൽ, വറ്റാത്ത വെള്ളം, നല്ല അയൽപക്കങ്ങൾ, നല്ല സൗകര്യം. 10 സെന്റ് ചോദിച്ചപ്പോൾ 35 സെന്റും വീടും നൽകിയ പുൽത്തൊട്ടിയിൽ പിറന്ന എന്റെ ദൈവം. 2006 ജനുവരിയിൽ വീടു ലഭിച്ചു.






# കോമ്പസിലെ ജീവിതം

**ലിബിൻ എൻ. ജോസഫ്**
നടയ്ക്കൽ, വേലനിലം

പ്രശസ്ത പഴയകാല ഇംഗ്ലീഷ് കവി ജോൺ ഡൺ തന്റെ കവിതയിൽ 'കോമ്പസി'നെ യഥാർത്ഥ സ്നേഹത്തോട് ഉപമിക്കുന്നുണ്ട്. യഥാർത്ഥമായ സ്നേഹം കോമ്പസിനുള്ളിൽ തീർക്കുന്ന പൂർണ്ണ വൃത്തത്തിന്റെ ആകെത്തുകയാണെന്നതിൽ സംശയമില്ല. കാരണം ഒരേ നീളത്തിലുള്ള ആരങ്ങൾ ചേർന്നാണ് ഒരു വൃത്തമുണ്ടാകുന്നത്. ഈ ആരങ്ങളിലെ ഏറ്റക്കുറച്ചിൽ പൂർണ വൃത്തരൂപീകൃതത്തിന് തടസ്സമാകുന്നു. ഈ തത്ത്വത്തെ നമ്മുടെ മനുഷ്യജീവിതവുമായി ബന്ധപ്പെടുത്തിയാൽ ഏറ്റക്കുറച്ചിലുകളില്ലാത്ത ദൈവസ്നേഹത്തിലുള്ള ആഴപ്പെടലാണ്, പൂർണ്ണമായ ജീവിതവൃത്തം പൂർത്തിയാക്കാൻ ഏറ്റവും അവശ്യം വേണ്ട ഘടകം.

കോമ്പസിനെക്കുറിച്ച് നമുക്കു ചെറുതായി ഒന്നു ചിന്തിക്കാം. കോമ്പസിന്റെ രണ്ട് 'കാലുകൾ' ഒരിടത്ത് ഒന്നായിരിക്കുകയും മറ്റൊരിടത്ത് അകന്നു നിൽക്കുകയും ചെയ്യുന്നു. കോമ്പസിന്റെ ഒരു കാൽ എത്ര അകറ്റിയാലും ഒരഗ്രം വേർപെട്ടു പോകുന്നില്ല. ഇനി നാം ഒരു വൃത്തം വരയ്ക്കുമ്പോൾ ഒരു 'കാൽ' സ്ഥിരമായി ഒരിടത്ത് ഉറച്ചിരിക്കുകയും മറ്റേ 'കാൽ' അതിനു ചുറ്റും കറങ്ങുകയും ചെയ്യുന്നു. വൃത്തം പൂർത്തിയാക്കിയശേഷം ആരംഭിച്ചിടത്തേക്ക് മടങ്ങുകയും വീണ്ടും ഒന്നായി തീരുകയും ചെയ്യുന്നു. രണ്ട് കാലുകളും ഒരു പരിധിയിൽ കൂടുതൽ അകറ്റിയാൽ കോമ്പസ് ഒടിയുകയും ഒന്നായിരുന്ന അഗ്രങ്ങൾ വേർപെടുകയും ചെയ്യുന്നു. ഈ 'കോമ്പസ്' തത്ത്വങ്ങൾ മനുഷ്യജീവിതവുമായി ഏറെ അടുത്തു നിൽക്കുന്നതാണ്.

മനുഷ്യജീവിതം ആരംഭിക്കുന്നത് ദൈവത്തിൽ നിന്നാണ്. കോമ്പസിന്റെ രണ്ടഗ്രങ്ങൾ ഒന്നായിരിക്കുന്നതുപോല മനുഷ്യനും ദൈവവും സ്നേഹത്തിൽ ഒന്നായിരിക്കുന്നു. ഈ സ്നേഹത്തിൽ ഒന്നായിക്കൊണ്ട് മനുഷ്യൻ തന്റെ ജീവിതവൃത്തം പൂർത്തിയാക്കണം. പൂർണ്ണമായ ഒരു വൃത്തം പൂർത്തിയാക്കാൻ ഒരുപോലെയുള്ള ആരങ്ങൾ ആവശ്യമുള്ളതുപോലെ, ഏറ്റക്കുറച്ചിലുകളില്ലാത്ത ദൈവസ്നേഹവും വിശ്വാസവും തന്റെ ജീവിതവൃത്തം പൂർത്തിയാക്കാൻ മനുഷ്യന് ആവശ്യമാണ്. സ്നേഹത്തിലും വിശ്വാസത്തിലും ഏറ്റക്കുറച്ചിൽ ഉണ്ടാകുമ്പോഴാണ് ജീവിതത്തിൽ തകർച്ചകളും നിരാശാബോധവും ഉണ്ടാകുന്നത്.

ഒരു വൃത്തം വരയ്ക്കുമ്പോൾ ഒരു കാൽ മറ്റേതിന് ചുറ്റും കറങ്ങുന്നതുപോലെ നമ്മുടെ ജീവിതം ദൈവത്തിനു ചുറ്റും കറങ്ങുന്നതായിരിക്കണം. അവിടുത്തെ സ്നേഹത്തിൽ നിന്ന് ഒരിക്കലും അകന്നുപോകാൻ പാടില്ല. ദൈവസ്നേഹത്തിൽ ഒന്നായി, അവിടുത്തെ കേന്ദ്രമാക്കി ജീവിതവൃത്തം പൂർത്തീകരിച്ച് ദൈവത്തിൽ തിരികെയെത്താൻ നമുക്ക് കഴിയണം. കോമ്പസിന്റെ ഒന്നായിരിക്കുന്ന അഗ്രങ്ങൾ ഒടിഞ്ഞ് രണ്ടാകുമ്പോൾ കോമ്പസ് ഉപയോഗ ശൂന്യമാകുന്നു. അതുപോലെ ദൈവസ്നേഹത്തിലുള്ള നമ്മുടെ ഐക്യം നഷ്ടപ്പെടുമ്പോൾ നാമും ഉപയോഗശൂന്യമാകുന്നു. അതിനാൽ ദൈവസ്നേഹത്തിൽ ഒന്നായിത്തീരാൻ നമുക്ക് പരിശ്രമിക്കാം. ജീവിതത്തിന്റെ ഏത് സാഹചര്യത്തിലായാലും ദൈവസ്നേഹത്തിന്റെ വലയത്തിനുള്ളിൽ നിന്നുകൊണ്ട് ജീവിക്കുവാൻ നമുക്ക് കഴിയണം. അപ്രകാരം ദൈവസ്നേഹത്തിൽ നിന്ന് ഉത്ഭവിച്ച് (ജനനം), ജീവിതവൃത്തം പൂർത്തിയാക്കി (ലോകജീവിതം) ദൈവത്തിൽ മടങ്ങിയെത്താൻ (മരണം) നമുക്ക് കഴിയും. അതാണ് 'കോമ്പസ്' നമുക്കു നൽകുന്ന ജീവിത പാഠം.



മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം-11

# പരിശുദ്ധമറിയത്തിലൂടെയുള്ള സംഭാഷണം

**റോസമ്മ കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സൃഷ്ടിമുതൽ മാനവവംശത്തോടു സംസാരിച്ച ദൈവം പരിശുദ്ധ മറിയത്തിലൂടെയും സംസാരിക്കുന്നു. സഭാപിതാക്കന്മാർ പരി. മറിയത്തെ രണ്ടാം ഹവ്വായായാണ് വിശേഷിപ്പിക്കുന്നത്; ഈശോ രണ്ടാം ആദവും. ഈശോ ഏകരക്ഷകനാണ്. അവിടുത്തേക്ക് രക്ഷകനാകാതെയിരിക്കാൻ സാധ്യമല്ല. കാരണം അവിടുത്തെ ദൗത്യമതാണ്. ഈശോ സർവ്വപ്രധാനമായും രക്ഷകനായിരിക്കുന്നതു പോലെ പരി. അമ്മയ്ക്കും രക്ഷാകരകർമ്മത്തിൽ സർവ്വപ്രധാനമായ സ്ഥാനമാണുള്ളത്. അവളിലുള്ളതെല്ലാം നമുക്കുവേണ്ടിയാണ്.

വി. ബർനാർദ് പറയുന്നത് പരി. മറിയം ഒരു വലിയ കനാലാണെന്നാണ്. അവളിലൂടെയാണ് കൃപാവരം നമ്മിൽ എത്തിച്ചേരുന്നത്. രക്ഷകന്റെ അമ്മയാകാൻവേണ്ടിയാണ് അവളെ ദൈവം സൃഷ്ടിച്ചത്. ഈ ലക്ഷ്യത്തിനുവേണ്ടിയല്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ അവൾ ഉണ്ടാകുമായിരുന്നില്ല. അമലോത്ഭവയായി ജനിക്കുമായിരുന്നില്ല. അവളുടെ ചിന്തയും പ്രവർത്തനങ്ങളും ജീവിതവുമെല്ലാം മനുഷ്യവംശത്തിന്റെ നന്മയ്ക്കുവേണ്ടിയാണ്.




തന്റെ ജീവിതത്തിലൂടെ പരി. മറിയം മാനവവംശവുമായി സംസാരിക്കുകയാണ്. ഈ ലോകജീവിതത്തിലൂടെയും ചരിത്രത്തിലൂടെയും സംസാരിച്ച മറിയം നമ്മുടെ കാലഘട്ടത്തിലും നമ്മോടു സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഭൂമിയിലായിരുന്ന അവസരത്തിലുള്ള മറിയത്തിന്റെ സംസാരം സ്ഥലകാലങ്ങളിൽ പരിമിതപ്പെട്ടതാണ് എന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും അനന്തവിശാലമായ മാറ്റൊലി അതിനുണ്ട്. എല്ലാ മാനവവംശത്തിനും അതു ബാധകമാണ്. അതുകൊണ്ടു തന്നെ നമുക്കും അത് ബാധകമാണ്.

മറിയത്തിന്റെ ജീവിതത്തെ അടിമുടി മാറ്റിമറിച്ചതാണ് കർത്താവിന്റെ ദൂതനുമായുള്ള അവളുടെ ആദ്യസംഭാഷണം. 'ഇതാ കർത്താവിന്റെ ദാസി, നിന്റെ ഹിതം പോലെ എന്നിൽ ഭവിക്കട്ടെ' എന്ന മറുപടിയിലൂടെ മാതാവ് രക്ഷയുടെ അടിമയായി; ദാസിയായി. അതുവഴി നമ്മുടെ രക്ഷയുടെയും അടിമയായി അവൾ മാറി. പിന്നീട് ഇളയമ്മയായ എലിസബത്തുമായി അവൾ സംഭാഷണം നടത്തുന്നുണ്ട്. അവരുടെ സംഭാഷണത്തിന്റെ ബാഹ്യപ്രകാശനമാണ് മാതാവിന്റെ സ്തോത്രഗീതം. വലിയ മഹത്ത്വത്തിന്റെയും അഗാധമായ എളിമയുടെയുമായ ഈ ഗീതം അതിന്റെ ആഴത്തിൽ മനസ്സിലാക്കുവാൻ ഒരിക്കലും സാധിക്കുമെന്നു തോന്നുന്നില്ല. ഈ സ്തോത്രഗീതം പഴയനിയമചിന്തകളുമായി കൂട്ടിയിണക്കിയതാണ്.

പരി. മറിയത്തിന്റെ സ്തോത്രഗീതം ദൈവവുമായും മാനവവംശവുമായുള്ള സംഭാഷണമാണ്. മനുഷ്യകുലത്തിന് ഇതിലൂടെ ദൈവത്തിന്റെ വലിയ നന്മയും അവിടുത്തെ മഹത്ത്വവും വെളിപ്പെടുത്തുകയാണ്. താൻ ഒന്നുമല്ലെന്നും ഒരു നിസ്സാര ഉപകരണമാണ് താനെന്നും അവൾക്കറിയാം. എങ്കിലും, തനിക്കും തന്നിലൂടെ എല്ലാവർക്കുമായി ദൈവം ചെയ്ത വലിയ ദാനങ്ങൾ മാനവവംശത്തിന് വെളിപ്പെടുത്തിക്കൊടുക്കാനുള്ള അവളുടെ ആഗ്രഹവും സ്തോത്രഗീതത്തിൽ വ്യക്തമാണ്.

പരി. അമ്മ തന്റെ പുത്രനായ ഈശോയോട് നിരന്തര സംഭാഷണം നടത്തുന്നു. മറിയത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതും നമുക്ക് കൂടുതൽ രഹസ്യാത്മകവുമായ ഒരു സംഭാഷണമുണ്ട്. മാതാവും തന്റെ ഗർഭസ്ഥ ശിശുവായ പുത്രനും തമ്മിലുള്ള സംഭാഷണമാണത്. ഈശോയ്ക്കുവേണ്ടി മറിയം സമ്പൂർണ്ണമായ സ്വയംദാനമാകുന്നു. ഈശോയാകട്ടെ മറിയത്തിന്റെ നേർക്ക് കൃപാവരത്തിന്റെ ഒരു കൊടുക്കൽ നടത്തുന്നു. അമ്മയുടെയും പുത്രന്റെയും ഇടയിൽ നടക്കുന്ന ബോധപൂർവ്വകമായ പരസ്പര സ്വയംദാനത്തിന്റെ സംഭാഷണമാണത്.

കാനായിലെ സംഭവത്തിൽ മറ്റുള്ളവർക്കുവേണ്ടി പുത്രനോടു സംഭാഷിക്കുന്ന മറിയത്തെയാണ് കാണുക. വളരെ ലളിതവും നിസ്സാരവുമായ കാര്യങ്ങളാണെന്ന് തോന്നാമെങ്കിലും പരി. അമ്മ മറ്റുള്ളവർക്കുവേണ്ടി പുത്രനോട് മാദ്ധ്യസ്ഥ്യം തേടുന്നു. കാൽവരിയിലും അമ്മയും പുത്രനും തമ്മിലുള്ള സംഭാഷണം നടക്കുന്നുണ്ട്. ഇവിടെ വാക്കുകളേക്കാളുപരി നോട്ടത്തിലൂടെയാണ് അവർ സംഭാഷിക്കുന്നതെന്നു പറയാം. രക്ഷകനും രക്ഷയ്ക്കുവേണ്ടി ഏറ്റമധികം സഹകരിച്ചവളും തമ്മിലുള്ള സംഭാഷണമായിരുന്നത്.

ഈശോയുടെ മരണത്തിനുശേഷം മറ്റൊരു സംഭാഷണത്തിന് തുടക്കം കുറിച്ചു. തന്റെ പുത്രനിൽനിന്ന് കിട്ടിയതെല്ലാം ശ്ലീഹന്മാരുമായി പങ്കുവയ്ക്കാനുള്ള മറിയത്തിന്റെ സംഭാഷണമാണത്. പന്തക്കുസ്തായ്ക്കു മുമ്പ് ശ്ലീഹന്മാരെല്ലാം ഒരുമിച്ചുകൂടി പരി. മറിയത്തോടൊപ്പം പ്രാർത്ഥനയിൽ ചെലവഴിക്കുന്നത് വി.ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മറിയം പല കാര്യങ്ങളും അവരോട് സംസാരിച്ചിട്ടുണ്ട്. വി. ലൂക്കാ ഈശോയുടെ ജനനവിവരണങ്ങൾ തന്റെ സുവിശേഷത്തിൽ അവതരിപ്പിച്ചതിന്റെ പിന്നിൽ മാതാവുമായുള്ള സംഭാഷണം ഉണ്ടായിരുന്നിരിക്കാം. ഇന്നും പരി. അമ്മ നമ്മോടു സംസാരിക്കുന്നുണ്ട്. ഈശോ പറയുന്നതു പോലെ ചെയ്യുക എന്നാണ് പരി. മറിയം നമ്മോടു പറയുന്നത്. ലോകരക്ഷയ്ക്കുവേണ്ടി സഹകരിച്ച പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം നമുക്കും തേടാം.



# സുവിശേഷ ദൗത്യം

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

ഗുരുവും ശിഷ്യനും കൂടി നടക്കാനിറങ്ങിയതാണ്. സംസാരിച്ച് നീങ്ങുന്നതിനിടയിൽ ശിഷ്യൻ ആ കാഴ്ച കണ്ടു. ഒരു കർഷകൻ പാടത്ത് ജോലി ചെയ്യുന്നു. അയാളുടെ ചെരുപ്പുകൾ പാടവരമ്പത്ത് ഊരിവച്ചിട്ടുണ്ട്. ശിഷ്യന് ഒരു കുസൃതി തോന്നി. അവൻ ഗുരുവിനോട് പറഞ്ഞു: നമുക്ക് ആ ചെരുപ്പുകൾ മാറ്റിവയ്ക്കാം. എന്നിട്ട് ഈ മരത്തിൻ പിറകിൽ ഒളിച്ചു നില്ക്കാം. അയാൾ പാടത്തുനിന്നും കയറിവരുമ്പോൾ ചെരുപ്പ് കാണാതെ വിഷമിക്കുന്നത് കാണാൻ നല്ല രസമായിരിക്കും. ഗുരു പറഞ്ഞു: നിനക്കു മറ്റുള്ളവരുടെ വിഷമം കണ്ട് ആനന്ദിക്കുന്നതിലാണ് സന്തോഷം. നീ ഞാൻ പറയുന്നതുപോലെ ചെയ്യുക. ആ ചെരുപ്പിൽ ഈ രൂപ കൊണ്ടുപോയി വയ്ക്കുക. ശിഷ്യൻ ഗുരു പറഞ്ഞതുപോലെ പ്രവർത്തിച്ചു. എന്നിട്ട് അവർ മറഞ്ഞിരുന്നു. പാടത്തു നിന്നും കയറിവന്ന കർഷകൻ രൂപകണ്ട് അത്ഭുതപ്പെട്ടു. കാരണം, ജോലി ചെയ്യുമ്പോഴും അയാൾ ഉത്കണ്ഠാകുലനായിരുന്നു.




അയാളുടെ മക്കൾക്ക് സ്കൂളിൽ ഫീസ് അടയ്ക്കാൻ കിട്ടണമേ എന്ന് അയാൾ പ്രാർത്ഥിച്ചിരുന്നു. അയാൾ അവിടെ മുട്ടുകുത്തി ദൈവത്തിന് നന്ദി പറഞ്ഞു.

ഗുരു ശിഷ്യനോട് ചോദിച്ചു. കണ്ടില്ലേ അയാൾ നന്ദിയോടെ പ്രാർത്ഥിക്കുന്നത്. നമ്മുടെ പ്രവൃത്തികൾ മൂലം ആരും വിഷമിക്കരുത്. പകരം അവരൊക്കെ ദൈവത്തിന് കൃതജ്ഞത അർപ്പിക്കുന്നവരും നല്ലവരുമാകണം.

ഈശോയുടെ പ്രേഷിതദൗത്യ ആഹ്വാനം സുവിശേഷത്തിൽ വായിക്കുമ്പോൾ നമ്മൾ ഓർക്കണം, നമ്മുടെ പ്രവർത്തനങ്ങളിലൂടെയും പ്രവൃത്തികളിൽ കൂടിയും എത്രപേർ യേശുവിനെ അറിഞ്ഞു. വടക്കേ ഇന്ത്യയിൽ ഗ്രാമങ്ങളിൽ പോയി സുവിശേഷം പ്രസംഗിക്കുക മാത്രമല്ല സുവിശേഷ പ്രസംഗം. പിന്നെയോ, എന്റെ ജീവിതസാഹചര്യങ്ങളിൽ നിന്നുകൊണ്ടു തന്നെ ഞാൻ സുവിശേഷമാകണം, സുവിശേഷമേകണം.

ഈശോ പറഞ്ഞു: മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ടിട്ട് എന്റെ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്ത്വപ്പെടുത്തണം (മത്താ. 5:16). കൊന്ത കഴുത്തിലിട്ടതുകൊണ്ടു മാത്രം ഒരാൾ ക്രിസ്ത്യാനി ആകുന്നില്ല. വഴിവിളക്കുകളൊക്കെ പകൽ സമയത്ത് ഒരുപോലെ ഇരിക്കും. എന്നാൽ രാത്രിയിലാണ് ബൾബ് ഫ്യൂസായതിനെയും, അല്ലാത്തതിനെയും തിരിച്ചറിയാൻ പറ്റുന്നത്. ഫലത്തിൽ നിന്നാണ് വൃക്ഷത്തെ അറിയുക.

എല്ലാ ജനതകളും അറിയേണ്ട യേശുവിന്റെ സുവിശേഷം (ലൂക്കാ 24:47) നമ്മൾ മറച്ചുവയ്ക്കരുത്. ബ്രിട്ടീഷ് പത്രപ്രവർത്തകനായ മാൽക്കം മക്കറിഡ്ജ് നിരീശ്വര വാദിയായിരുന്നു. ഒരിക്കൽ അദ്ദേഹം മദർ തെരേസായുടെ ആശ്രമത്തിലെത്തി. രോഗികളുടെ വ്രണങ്ങളിൽ നിന്നും പുഴുക്കളെ പുഞ്ചിരിയോടെ എടുത്തു കളഞ്ഞ് അവരെ പരിചരിക്കുന്ന മദറിനോട് അയാൾ ചോദിച്ചു. 'നിങ്ങൾക്കിതെങ്ങനെ സാധിക്കുന്നു?' മദർ പറഞ്ഞു: 'Something Beautiful for God'. അയാൾ തയ്യാറാക്കിയ ടെലിസീരിയലിന്റെ പേരും അതുതന്നെയായിരുന്നു. അയാൾ അവസാനം കൂട്ടിച്ചേർത്തു: 'ഞാനിന്നുവരെ ഒരു ദൈവത്തിലും വിശ്വസിച്ചിരുന്നില്ല. പക്ഷേ, മദർ തേരേസായുടെ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു'.

ഇതാണ് ഓരോ ക്രിസ്ത്യാനിയുടെയും പ്രേഷിതദൗത്യം. നമ്മുടെ വാക്കുകളും പ്രവൃത്തികളും വഴി ഈശോയുടെ മുഖം സുന്ദരമാകണം. മറ്റുള്ളവരുടെ മുമ്പിൽ ഈശോയുടെ മുഖം വികൃതമാക്കപ്പെടരുത്. എന്റെയടുത്തുവരുന്നവരൊക്കെ ഈശോയിലേക്ക് തിരിയുവാനുള്ള ഒരു കാരണമാകണം ഞാൻ. ദൈവത്തെ അനുഭവിച്ചവർക്ക് വെറുതെയിരിക്കാൻ സാധിക്കില്ല. പോവുക, കണ്ടതും കേട്ടതും അനുഭവിച്ചതുമായ സത്യം പങ്കുവയ്ക്കുക.

### ശ്ലീഹാക്കാലം

ഉയിർപ്പുഞായറിനുശേഷം 50-ാം ദിവസം വരുന്ന പന്തക്കുസ്താ തിരുനാളിനോടുകൂടി ശ്ലീഹാക്കാലം ആരംഭിക്കുന്നു. പന്തക്കുസ്താദിനത്തിൽ ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവരികയും, ഭയത്തിലും നിരാശയിലും കഴിഞ്ഞിരുന്ന അവരെ ധൈര്യപ്പെടുത്തുകയും ചെയ്തു. പരിശുദ്ധാത്മാവിൽ ശക്തി പ്രാപിച്ച് മിശിഹായുടെ പ്രേഷിതരായി ലോകം മുഴുവനും പ്രസംഗിച്ച ശ്ലീഹന്മാരുടെ മാതൃകയാണ് ശ്ലീഹാക്കാലത്തിൽ തിരുസഭാമാതാവ് നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കുന്നത്.






# അനുദിന ജീവിതത്തിലേക്കെത്തിനില്ക്കുന്ന പന്തക്കുസ്ത

**ലീന അറയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പന്തക്കുസ്താ ദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടു മുഴുവൻ നിറഞ്ഞു. അഗ്നിനാവുകൾ പോലുള്ള നാവുകൾ തങ്ങളുടെ ഓരോരുത്തരുടേയും മേൽ വന്നുനില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരി. ആത്മാവിനാൽ നിറഞ്ഞു. (നടപടി 2,1-3) പരി. ആത്മാവിന്റെ ആവാസം ഭീരുത്വത്തിൽനിന്നും ധൈര്യത്തിലേക്കും അടക്കപ്പെട്ട വാതിലുകളെ മലർക്കെ തുറക്കുന്നതിലേക്കും ചെവികളിൽ കേട്ടത് പുരമുകളിൽ നിന്ന് വിളിച്ചു പറയുന്നതിലേക്കും പറയുടെ കീഴിലായിരുന്ന ദീപത്തെ പീഠത്തിലേക്കുയർത്തുന്നതിലേക്കും എത്തിക്കുന്ന അനുഭവമാണ്. അങ്ങനെ മലമുകളിൽ പണിയപ്പെട്ട പട്ടണത്തിന് മറഞ്ഞിരിക്കാനാവില്ലയെന്ന മിശിഹായുടെ പഠനം ആത്മാവിന്റെ സഹായത്തോടെ ശിഷ്യരുടെ ജീവിത്തിലൂടെ ലോകത്തിന് വെളിപ്പെട്ടു. ..... ആരംഭമിട്ട മഹാസംഭവം ഇന്നും ഓരോ ക്രിസ്ത്യാനിയുടെയും അനുദിനജീവിത്തിൽ ഉണ്ടാകണമെന്ന് ഈശോ അഗ്രഹിക്കുന്നതും മറ്റൊന്നല്ല. ഇതിനായി:-

**ദൈവത്തോട്-** പരി. ആത്മാവിന്റെ സാന്നിധ്യത്തിൽ സഭാപൂരിതരാകാൻ കൂദാശാനുകരണത്തിലൂടെയും പ്രാർത്ഥനയിലൂടെയും വചനവായനയിലൂടെയും സന്നദ്ധതയുള്ളവരാകാം.

**നമ്മോടുതന്നെ-** മിശിഹായാകുന്ന വാതിൽ തുറക്കുന്നതിനും ജീവിതാനുഭവങ്ങളിലൂടെ തിരിച്ചറിയുന്ന ദൈവഹിതം സ്വജീവിതത്തിലൂടെ വിളിച്ചറിയിക്കുന്നതിനും ധൈര്യമുള്ളവരാകാം.

**മററുള്ളവരോട്-** സഹോദരങ്ങളുടെ മുമ്പിൽ അടക്കപ്പെട്ടിരിക്കുന്ന ക്ഷമയുടെയും നീതിയുടെയും സ്നേഹത്തിന്റെയും സമഭാവനയുടെയും, സാഹോദര്യത്തിന്റെയും നന്ദിയുടെയും മനസ്സിലാക്കലിന്റെയും വാതിൽ തുറന്ന് സഹോദരങ്ങളോടൊത്ത് മലമുകളിൽ സഭയാകുന്ന പട്ടണത്തെ പണിതുയർത്താം.

**സാഹചര്യങ്ങളോട്-** ഏതു ജോലിയും, ഏതവസ്ഥയും, ഏതനുഭവവും മിശിഹായെ പ്രഘോഷിക്കുവാനുള്ള വേദിയായി കണ്ടുകൊണ്ട് അവയെ സന്തോഷത്തോടെ സ്വീകരിക്കുക. അപ്പോൾ വേദനയുടെയും പ്രയാസങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും സ്വീകരണമാകുന്ന പ്രഘോഷണം നമ്മുടെ ചുറ്റുമുള്ളവരുടെ ഹൃദയത്തിൽ അവരവർക്ക് മനസ്സിലാകുന്ന സ്നേഹത്തിന്റെ ഭാഷയിൽ ചെന്നെത്തും.



# സമ്പാദ്യം വരുന്ന വഴി...

**അനു കുരിശുംമൂട്ടിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ധനികനായ ഒരു പിതാവ് തന്റെ മകനെയുംകൊണ്ട് ഒരു യാത്ര പോയി. അനേകം മനുഷ്യർ എത്ര ദരിദ്രരായി ജീവിക്കുന്നു എന്നത് തന്റെ പുത്രനെ ബോധ്യപ്പെടുത്തുകയായിരുന്നു ആ യാത്രയുടെ ലക്ഷ്യം! പകലന്തിയോളം പണിയെടുക്കുന്ന കിഠിനാദ്ധ്വാനികളായ കർഷകരുടെ കുടിലുകളിൽ അവർ ആ പകൽ ചെലവഴിച്ചു. തിരിച്ചുപോകുംവഴി ആ പിതാവ് മകനോട് ചോദിച്ചു: മകനെ അവർ എത്രമാത്രം ദരിദ്രരെന്ന് നീ കണ്ടോ? നീ ഇതിൽ നിന്നും എന്തു പഠിച്ചു? മകൻ പറഞ്ഞു: നമുക്ക് ഒരു പട്ടിയുണ്ട്; അവർക്ക് നാല്. നമുക്ക്




ഒരു കുളം ഉണ്ട്; അവർക്ക് നദിയും! നമുക്ക് രാത്രിയിൽ വെട്ടം തരാൻ ഏതാനും വിളക്കുകൾ! അവർക്ക് അനേകം നക്ഷത്രങ്ങളും ചന്ദ്രനും! നാം ഭക്ഷണം വാങ്ങുന്നു; അവരാകട്ടെ അവ ഉൽപാദിപ്പിക്കുന്നു! നമ്മെ സംരക്ഷിക്കാൻ ഭിത്തികൾ. അവർക്കാകട്ടെ സുഹൃത്തുകൾ! നമുക്ക് അറിവ് പകരാൻ സർവ്വവിജ്ഞാനകോശങ്ങൾ; അവർക്കാകട്ടെ ബൈബിൾ! അപ്പാ നന്ദി! നമ്മൾ എത്ര ദരിദ്രരെന്ന് എന്നെ കാണിച്ചു തന്നതിന്....

ദൈവസ്നേഹത്തിന്റെ മുദ്രപതിച്ച ഈശോയുടെ അനുയായികളിൽ ഇന്ന് മങ്ങിനിൽക്കുന്നത് ദൈവദാഹത്തിന്റെ സമ്പന്നതയെക്കുറിച്ചുള്ള ബോധ്യമില്ലായ്മയല്ലേ? ദാരിദ്ര്യത്തെ സമ്പത്തായും സമ്പത്തിനെ ദാരിദ്ര്യമായും തെറ്റി വായിക്കുന്നു! എന്നാൽ ഈ വകതിരിവാണ് പെന്തക്കുസ്താ തിരുനാളിൽ ശ്ലീഹന്മാർ സ്വീകരിച്ചത്. സ്വർണ്ണമോ വെള്ളിയോ അല്ല ഈശോയാണ് തങ്ങളുടെ 'ധനം' എന്ന് അവർ ഉറക്കെ പ്രഖ്യാപിച്ചു. ഉത്ഥിതനായ മിശിഹാ തങ്ങളിൽ ജീവിക്കുന്നു എന്നത് സ്വന്തം രക്തത്താൽ മുദ്ര വച്ച് അവർ ഉറപ്പിച്ചു. രക്തത്താൽ മുദ്രിതമായ ആ സാക്ഷികളുടെമേൽ ദൈവം സഭയ്ക്ക് അടിസ്ഥാനമിട്ടു.

ദൈവത്തിന് നമ്മെക്കുറിച്ച് ഒരു സ്വപ്നമുണ്ട്! സഭയാകുന്ന അമ്മയിലൂടെ നമ്മെ വിശുദ്ധീകരിച്ച് അവിടുത്തെ സ്നേഹത്തിന്റെ സമ്പത്ത് ലോകത്തിന് വെളിപ്പെടുത്താൻ ശക്തരാക്കി നമ്മെ അയയ്ക്കുന്നത് ഈ സ്വപ്നസാക്ഷാത്ക്കാരത്തിനാണ്. ദൈവപിതാവിന്റെ മക്കളാണ് നാമെല്ലാം. ദൈവഭവനത്തിന്റെ മാധുര്യം ആസ്വദിക്കുകയാണ് നമ്മുടെ ജീവിത സാക്ഷാത്ക്കാരം! ഈയൊരു വീണ്ടുവിചാരത്തിലേക്ക് ഉണരുവാനും, വീഴ്ചകളിൽനിന്ന് ഉയരുവാനുമാണ് മറ്റൊരു പെന്തക്കുസ്തായുടെ അലയടികൾ! ശ്ലീഹന്മാരുടെ പ്രവചനസാക്ഷ്യത്തിന്റെ മാറ്റൊലികൾ! നമ്മുടെ തലയിൽ വീണ വിശുദ്ധിയുടെ ജലം ദൈവത്തിന്റെ കരുണയുടെ പ്രവാഹമാണ്. പുതിയ നാമം സ്വീകരിച്ച് പുത്രസ്ഥാനത്തേക്ക് ഉയർത്തപ്പെട്ട വിശുദ്ധ നിമിഷങ്ങൾ അവിടുത്തെ ശ്രേഷ്ഠദാനത്തിന്റെ മഹനീയ സമയമാണ്!

വിശ്വാസത്തിന്റെ ഉറച്ച സാക്ഷികളാകാൻ നമ്മുടെ ജീവിതത്തെ സമർപ്പിക്കാം! പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം; പരിശുദ്ധാത്മാവേ, "വിശ്വാസത്തിൽ സ്ഥിരതയും സ്നേഹത്തിൽ തീക്ഷ്ണതയും പ്രത്യാശയിൽ ഉറപ്പും ഞങ്ങൾക്ക് നൽകേണമേ".

**ശ്ലീഹാക്കാലം**

നാം പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണ്. ദൈവാത്മാവിനു ചേർന്ന വിധത്തിൽ ആത്മാവിന്റെ പ്രചോദനങ്ങൾക്കനുസരിച്ച് ജീവിതം നയിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. ഒരു പുതിയ ഹൃദയത്തോടെ, ഒരു പുതിയ ചൈതന്യത്തോടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നവരാകേണ്ടവരാണ് ക്രൈസ്തവർ. പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങളോട് തുറവിയും വിധേയത്വവുമുള്ള ഒരു മനസ്സ് നാം രൂപപ്പെടുത്തണം.

പരിശുദ്ധാത്മാവിന്റെ സഹായത്താൽ ദൈവപ്രമാണങ്ങളുടെ വഴിയിലൂടെ നിരന്തരം നടക്കുവാനും അവിടുന്നു ദാനമായി നല്കിയ വിശ്വാസത്തെ ആത്മാർത്ഥമായി സ്നേഹിക്കുകയും വിലമതിക്കുകയും ചെയ്തുകൊണ്ട് ക്രിസ്തീയ മനഃസാക്ഷിയോടെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും വ്യാപരിക്കുവാനും തിരുസ്സഭയുടെ പഠനങ്ങൾ ജീവിതത്തിൽ പകർത്തി ദൈവാധിഷ്ഠിതമായ ജീവിതം നയിക്കുവാനും ശ്ലീഹാക്കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

വിശുദ്ധിയുടെ മുത്തുകൾക്ക്

# അമ്പിളിമാമനും പൂനിലാവും




സായം സന്ധ്യയാകുമ്പോൾ
എങ്ങും ഇരുളു പരക്കുമ്പോൾ
അമ്പിളിമാമൻ പുഞ്ചിരിയോടെ
മാനത്തേയ്ക്കായ് എത്തുകയായ്
സ്നേഹത്താൽ തൻ പൊൻവെളിച്ചം
മാലോകർക്കായ് നല്കുന്നു.
അതുപോൽ നാമും നല്കേണം
സത്ജീവിതത്തിൻ പൊൻശോഭ

**നീതാ മോൾ**

കൂട്ടുകാരേ, നടപടി പുസ്തകം 2,37-47 വാക്യങ്ങളിൽ കാണുന്ന ആദിമസഭാസമൂഹത്തിന്റെ ജീവിതശൈലിയാണ് ചുവടെ കാണുന്ന കോളത്തിനുള്ളിൽ അക്ഷരങ്ങൾ കൃത്യമായി ചേർത്തുവച്ച് ആദിമസഭ എപ്രകാരം ജീവിച്ചുവെന്നു കണ്ടുപിടിക്കൂ. അതിനു ശേഷം നമ്മുടെ ജീവിതശൈലി എപ്രകാരമായിരിക്കണമെന്ന് 10 വാക്യത്തിൽ കവിയാതെ എഴുതി അയയ്ക്കാൻ മറക്കരുതേ. കോളത്തിലെ വാക്കുകളുടെ ആദ്യ അക്ഷരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

വി........... എ.............. ഒ............... സ................ തീ...........
ത............... പൊ............. ക................. ചെ............

സന്ദേശം:







**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ
സ്പിരിച്ചാലിറ്റി സെന്റർ
മാങ്ങാനം പി. ഒ., കോട്ടയം 686 018

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ആദ്യം ലഭിക്കുന്ന 5 ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ജൂൺ 30).

**കഴിഞ്ഞ ലക്കത്തിലെ വിജയി:**
**അഞ്ചു ഷാജി**
**ചേറ്റുകുഴിയിൽ, മൂലമറ്റം**

തയ്യാറാക്കിയത് സ്റ്റെഫി മംഗലത്തുകുന്നേൽ

# വിശുദ്ധിയുടെ മുത്തുകൾക്ക്




**ലിജോ കരിന്തകരയിൽ**

**നമുക്കു മനഃപാഠമാക്കാം: "നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും" (മത്താ 6,21).**







# CREATING HARMONY IN YOUR WORLD

**Julie Vanniamparampil**
Apostolic Oblates

There is a proverb that *'Every one is of the age of their heart'.* Anyway, Youth is the dazzling period in the life span of man. Yet, there are certain characters who spoil their yummy Youth by blaming their own fate as well as being converged to themselves finds happiness in loneliness. But you may never forget that happiness is a by-product of an effort to make someone else happy. If you are not willing to bloom, then you are stepping to the old age.

***''Set a guard over my mouth, O LORD; keep watch over the door of my lips. Do not turn my heart to any evil, to busy myself with wicked deeds in company with those who work iniquity; do not let me eat of their delicacies'' (Psl. 141,3-4).*** By releasing the passion without any self control, youth makes the relationships vulgar. Moreover, affairs and affections cause to lose the rhythm of their life.

Dear youngsters, it is the time to take U-turn in your way of thinking and attitude towards life. By your gentle smile, inspiring words and creative deeds nourish the world around you to flourish the culture of love.




വിശുദ്ധരോടൊപ്പം



# വിശ്വാസത്തിന്റെ തീപ്പന്തങ്ങൾ

പി. എസ്. ജോസഫ്, ആലുവാ

റോമാ ചക്രവർത്തിയായിരുന്ന സെപ്റ്റമിയസ് സെവ്‌രൂസിന്റെ കാലത്ത് റോമൻ സാമ്രാജ്യം ആഫ്രിക്കയിലേക്കു വ്യാപിച്ചു. ക്രിസ്തുമതത്തിലേക്കു ജനങ്ങൾ ആകർഷിക്കപ്പെടുന്നതു കണ്ടപ്പോൾ 202-ൽ അദ്ദേഹം അതിനെതിരായി ഒരു കല്പന പുറപ്പെടുവിച്ചു. ഇതുവഴി ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം നിരോധിക്കപ്പെട്ടു. ജ്ഞാനസ്നാന സ്വീകരണം ഒരു ക്രിമിനൽ കുറ്റമായി പരിഗണിക്കപ്പെട്ടു. ക്രിസ്തുമതം സ്വീകരിച്ചവർക്ക് ക്രിസ്ത്യാനിയായി തുടരുന്നതിന് ഈ നിയമം തടസ്സമായിരുന്നില്ല. നിലവിലുള്ള തലമുറയോടുകൂടി ക്രിസ്തുമതം മണ്ണടിയുമെന്നായിരുന്നു ചക്രവർത്തിയുടെ വ്യാമോഹം.

പെർപെത്വയും ഫെലിസിറ്റായും ഒരു സ്വകാര്യ ഭവനത്തിൽ വച്ച് രഹസ്യമായി ക്രിസ്തുമതത്തെപ്പറ്റി പഠിച്ചു; ജ്ഞാനസ്നാനം സ്വീകരിച്ചു. ഇതു മണത്തറിഞ്ഞ റോമൻ പടയാളികൾ അവരെ ഇരുവരെയും ബന്ധനസ്ഥരാക്കി.

ഇരുപത്തിരണ്ടുകാരിയായ പെർപെത്വ ഒരു കുലീന കുടുംബത്തിലെ അംഗമായിരുന്നു. അവളുടെ പിതാവ് ഒരു വിശ്വാസിയായിരുന്നില്ല. എന്നാൽ മാതാവും രണ്ടു സഹോദരന്മാരും നേരത്തെതന്നെ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. അവളുടെ ഭർത്താവ് നല്ല നിലയിൽ ജീവിതം നയിച്ചിരുന്ന ഒരു യുവാവായിരുന്നു. പിടിക്കപ്പെടുമ്പോൾ അവൾ ഒരു കുഞ്ഞിന്റെ മാതാവായി കഴിഞ്ഞിരുന്നു.

പെർപെത്വ ഒരു സഹോദരിയെപ്പോലെ സ്നേഹിച്ചിരുന്ന ഫെലിസിറ്റാ വിവാഹിതയായ ഒരു അടിമസ്ത്രീയായിരുന്നു. പടയാളികൾ ബന്ധിക്കുമ്പോൾ അവൾ ഗർഭിണിയായിരുന്നു.

അവർ ആറുമാസക്കാലം ജയിലിലെ ഇരുട്ടറയിൽ അസഹ്യമായ ചൂടും ദുർഗന്ധവും സഹിച്ചുകൊണ്ട് കഴിച്ചുകൂട്ടി. വേദനകൾ ഈശോയ്ക്കുവേണ്ടി സഹിക്കുവാൻ പെർപെത്വ മറ്റു തടവുകാർക്ക് ധൈര്യവും പ്രചോദനവും നല്കി.

“സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെത്ത




ന്നെയും വെറുക്കാതെ എന്റെ അടുത്തുവരുന്ന ആർക്കും എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല" (ലൂക്കാ 14:26) ഈശോയുടെ ഈ വാക്കുകൾ പെർപെത്വായ്ക്ക് ആവേശവും ഉന്മേഷവും ആത്മധൈര്യവും നല്കി. പീഡനങ്ങൾ ഏറ്റുവാങ്ങുവാനും വിശ്വാസത്തിൽ അടിയുറച്ചു നില്ക്കുവാനും അവൾക്കു കഴിഞ്ഞു.

പിതാവ് ജയിലറയിൽ അവളെ സന്ദർശിച്ചു. കുഞ്ഞിനെയോർത്തെങ്കിലും ക്രിസ്തുമതം ഉപേക്ഷിക്കുവാൻ അദ്ദേഹം അവളോട ഭ്യർത്ഥിച്ചു. അവൾ പറഞ്ഞു: "നമ്മുടെ കഴിവുകൊണ്ട് ഒന്നും സംഭവിക്കുന്നില്ല. എല്ലാം ദൈവത്തിന്റെ കരങ്ങളിലാണ്".

അദ്ദേഹം അവളുടെ മനസ്സുമാറ്റുവാൻ വേണ്ടി ഒരു ജയിൽ വാർഡൻ വഴി രഹസ്യമായി കുഞ്ഞിനെ അവളുടെ പക്കലെത്തിച്ചു. കുറെ ദിവസങ്ങൾ കുഞ്ഞിനോടൊത്ത് അവൾ ജയിലിൽ കഴിഞ്ഞു. എന്നാൽ അവൾ വിശ്വാസം കൈവെടിയുവാൻ തയ്യാറായില്ല. മാത്രമല്ല, അവൾക്കു സഹായം നല്കിയ വാർഡൻ മാനസാന്തരപ്പെട്ടു ജ്ഞാനസ്നാനം സ്വീകരിച്ചു. അയാൾ പിടിക്കപ്പെടുകയും മരണത്തിനു വിധിക്കപ്പെടുകയും ചെയ്തു. ഈ അവസരത്തിൽ തന്റെ കഴുത്തിനു നേരെ ഉയർന്നു നില്ക്കുന്ന മരണത്തിന്റെ വാൾ അവൾ കാണാതിരുന്നില്ല.

പെർപെത്വ റോമൻ പ്രൊക്യുറേറ്ററായ ഹിലാരിയോന്റെ കോടതിയിൽ വിചാരണ ചെയ്യപ്പെട്ടു. പിതാവ് അവളുടെ കുഞ്ഞിനേയും കൊണ്ട് കോടതിയിലെത്തി. ആ കൊച്ചുകുഞ്ഞിനുവേണ്ടി ഒരു ത്യാഗം ചെയ്യുവാൻ അവളോട ഭ്യർത്ഥിച്ചു.

ഹിലാരിയോൻ അവളോടു പറഞ്ഞു: "നിന്റെ വത്സല പിതാവിന്റെ നരച്ച മുടി ഓർമ്മിക്കുക. ഈ കുഞ്ഞിന്റെ ഇളം പ്രായത്തോട് അല്പമെങ്കിലും ദയ കാണിക്കുക. ചക്രവർത്തിയുടെ വിജയത്തിനും നന്മയ്ക്കുംവേണ്ടി ത്യാഗത്തിനു തയ്യാറാകുക". അവൾ മറുപടി പറഞ്ഞു: "ഞാൻ എല്ലാവരെയും സ്നേഹിക്കുന്നു. ദൈവത്തിനുവേണ്ടി എല്ലാം ത്യജിക്കുന്നു". ഹിലാരിയോൻ അവസാനമായി ചോദിച്ചു: "നീ ഒരു ക്രിസ്ത്യാനിയാണോ?" അവൾ ദൃഢമായ സ്വരത്തിൽ മറുപടി പറഞ്ഞു: "അതെ, ഞാൻ ക്രിസ്ത്യാനിയാണ്".

പിതാവ് വീണ്ടും അവളുടെ അടുത്തേക്ക് ഓടിയടുത്തു. ഇതു കണ്ടു കുപിതനായ ഹിലാരിയോൻ അയാളെ പിടിച്ചു പുറത്താക്കാൻ കല്പിച്ചു. പടയാളികൾ അദ്ദേഹത്തെ ബലമായി പിടിച്ചു പുറത്തേക്കുകൊണ്ടുപോയി. അതിനിടയിൽ വികാരം കൊണ്ട ആ മനുഷ്യനെ ആരോ കരണത്തടിച്ചു. അതു കണ്ടു നിന്ന പെർപെത്വ ഒന്നു ഞെട്ടി. തന്റെ കരങ്ങൾകൊണ്ടല്ലേ അദ്ദേഹത്തെ അടിച്ചത് എന്ന് അവൾക്കു തോന്നിപ്പോയി.

അവളെ ഇരുട്ടറയിൽ അടയ്ക്കുവാനും മൃഗങ്ങൾക്കെറിഞ്ഞുകൊടുക്കുവാനും കല്പനയായി. കുഞ്ഞിനെ തന്റെ സമീപം കഴിയുവാൻ അനുവദിക്കണമെന്ന് അവൾ അപേക്ഷിച്ചു. അത് അനുവദിച്ചില്ല. ദൈവനിശ്ചയം അതാണെന്ന് അവൾ ആശ്വസിച്ചു. ചുരത്തുന്ന മാറിടം അവളെ അസ്വസ്ഥയാക്കിയില്ല. പ്രാർത്ഥനയിൽ അവൾ നിമിഷങ്ങൾ തള്ളിനീക്കി.

ഫെലിസിറ്റാ തടവറയിൽ കിടന്ന് പ്രസവവേദനകൊണ്ടു പിടഞ്ഞു. അവൾ ഉറക്കെ കരഞ്ഞു. വാർഡൻ ഓടിവന്ന് അവളെ ശകാരിച്ചു. "നീ കിടന്നു മോങ്ങുകയാണോ? ഇക്കണക്കിനു കാട്ടുമൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കുമ്പോൾ നീ എന്തു ചെയ്യും?"

"ഇപ്പോൾ ഞാൻ മാത്രം സഹിച്ചാൽ മതി. അവിടെ വച്ച് ഞാൻ ദൈവത്തെപ്രതി സഹിക്കുമ്പോൾ എനിക്കുവേണ്ടി എന്റെ ഉദരത്തിൽ കിടന്ന് മറ്റൊരു ജീവികൂടി സഹിക്കേണ്ടിവരും". അവൾ മറുപടി പറഞ്ഞു. ഫെലിസിറ്റാ ആ ഇരുട്ടറയിൽ വച്ച് ഒരു പെൺകുഞ്ഞിനു ജന്മം നല്കി.

രണ്ടുദിവസം കഴിഞ്ഞപ്പോൾ പെർപെത്വായും ഫെലിസിറ്റായും ഉത്തര ആഫ്രിക്കയിലെ റോമൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ കാർത്തേജിലെ ആംഫി തിയറ്ററിലേക്ക്

ആനയിക്കപ്പെട്ടു. സാധാരണയായി പുരുഷന്മാരുടെ മുമ്പിലേക്കാണ് ക്രൂരമൃഗങ്ങളെ അഴിച്ചുവിടുക. പെർപെത്വയും ഫെലിസിറ്റായും സ്ത്രീകളായതുകൊണ്ട് ക്രൂരമൃഗങ്ങളുമായി മല്ലിടുന്നത് അധികനേരം കാണേണ്ടിവരില്ലെന്ന് അറിയാമായിരുന്നു.

അവർ രണ്ടുപേരും മരണത്തെ മുന്നിൽ കണ്ടുകൊണ്ടു നിർഭയരായി നിന്നു. ദൈവത്തിലുള്ള വിശ്വാസത്തെപ്രതി എന്തും സഹിക്കുവാൻ അവർ തയ്യാറായിരുന്നു. അവരുടെ മുഖം പ്രസന്നമായിരുന്നു.

അഴിച്ചുവിട്ട ഒരു കാട്ടുകാള അവരുടെ നേരെ പാഞ്ഞുവന്നു. അത് പെർപെത്വായെ തട്ടിയെറിഞ്ഞു. തെറിച്ചുവീണ അവൾ പിടഞ്ഞെഴുന്നേറ്റു. കീറിപ്പോയ വസ്ത്രം വാരിച്ചുറ്റി. തട്ടിവീഴ്ത്തപ്പെട്ട ഫെലിസിറ്റായെ താങ്ങിയെഴുന്നേല്പിച്ചു.

ആഹ്ലാദിക്കുവാൻ വേണ്ടി തടിച്ചുകൂടിയ ജനക്കൂട്ടത്തിന് ഇതു കണ്ടുനില്ക്കാനായില്ല. ഈ വിനോദം നിർത്തുവാൻ അവർ ആവശ്യപ്പെട്ടു. അവരെ ഇരുവരെയും തിയറ്ററിനു പുറത്തുകൊണ്ടുവന്നു. പെർപെത്വായുടെ സഹോദരന്മാരും മറ്റു ചിലരും അവിടെ കാത്തുനിന്നിരുന്നു. മരണവേദിയിലേക്ക് ആനയിക്കപ്പെടുന്ന ആ യുവതികളെ അവർ നിറഞ്ഞ കണ്ണുകളോടെ നോക്കി നിന്നു. പെർപെത്വ അവരോടു പറഞ്ഞു: "വിശ്വാസത്തിൽ ഉറച്ചു നില്ക്കുക. പരസ്പരം സ്നേഹിക്കുക. ഞങ്ങളുടെ വേദനകൾ നിങ്ങളുടെ നിലതെറ്റുവാൻ കാരണമാകരുത്".

പെർപെത്വയും ഫെലിസിറ്റായും കൊലക്കളത്തിലേക്കു നടന്നടുത്തു. കാൽവരിയിലെ മിശിഹായുടെ ബലിപീഠം അവർ മുന്നിൽ കണ്ടു. അത് അവർക്കു ശക്തി പകർന്നുകൊടുത്തു. അടിപതറാത്ത വിശ്വാസത്തിന്റെ ഉടമകളായ ആ സഹോദരികൾ പുഞ്ചിരിച്ചുകൊണ്ട് പരസ്പരം സമാധാനത്തിന്റെ ചുംബനങ്ങൾ കൈമാറി. ക്രിസ്തുവിനുവേണ്ടി ജീവൻ ത്യജിക്കുവാൻ അവർ ഒരുങ്ങിനിന്നു-വിശ്വാസത്തിന്റെ തീപ്പന്തങ്ങൾ കത്തിനില്ക്കുന്നതുപോലെ. ഉയർന്നു പതിച്ച വാളുകൾ അവരുടെ ശിരസ്സുകൾ മുറിച്ചുമാറ്റി. രണ്ടു രക്തസാക്ഷികൾ ഒരേ നിമിഷത്തിൽ സ്വർഗ്ഗീയ പിതാവിന്റെ പക്കലേക്കു പറന്നുയർന്നു.

ആദിമസഭ ലോകമെങ്ങും വ്യാപിച്ചത് ഇത്തരം അനേകം തീപ്പന്തങ്ങളുടെ പ്രകാശത്തിലാണ്. സ്വർഗ്ഗത്തിൽ ദൈവത്തിന്റെ മഹത്ത്വം ദർശിച്ചുകൊണ്ട് മരണം ഏറ്റുവാങ്ങിയ സ്റ്റേഫാനോസിൽ നിന്ന് ആ രക്തസാക്ഷികളുടെ ചരിത്രം ആരംഭിക്കുന്നു. അവരുടെ രക്തംകൊണ്ടു കുതിർന്ന മണ്ണിലാണു സഭ വളർന്നുപന്തലിച്ചത്.

ഇന്നും വിശ്വാസികളുടെ രക്തത്തിനു വേണ്ടി ദാഹിക്കുന്ന സാഹചര്യങ്ങൾ നമുക്കു കാണാം. വിശ്വാസവർഷം ആചരിക്കുന്ന ഈ വേളയിൽ നമ്മുടെ വിശ്വാസം എവിടെ നില്ക്കുന്നു എന്നു പരിശോധിക്കാൻ നാം തയ്യാറാകണം. സ്വന്തം വിശ്വാസം ഏറ്റു പറയുവാൻ, ആ വിശ്വാസം സംരക്ഷിക്കുന്നതിനു വേണ്ടി ഒരു തുള്ളി രക്തമെങ്കിലും നല്കാൻ നമുക്കു കഴിഞ്ഞിരുന്നെങ്കിൽ!

**ശ്ലീഹാക്കാലം**

പരിശുദ്ധാത്മാവിന്റെ ആവാസത്തിലൂടെ മിശിഹായുടെ പൗരോഹിത്യത്തിൽ പൂർണ്ണമായി പങ്കുപറ്റിക്കൊണ്ട് ശ്ലീഹന്മാരെല്ലാവരും ഒരു പുരോഹിതഗണമായിത്തീർന്നു. പുതിയനിയമത്തിലെ ആദ്യത്തെ സഭാശ്രേഷ്ഠന്മാരായ അവർ വിവിധ സ്ഥലങ്ങളിൽ സഭയ്ക്ക് അടിസ്ഥാനമിട്ടു. ഡീക്കൻ, പുരോഹിതൻ, മെത്രാൻ എന്നിങ്ങനെ സഭയിൽ പൗരോഹിത്യത്തിന്റെ വിവിധ പദവികൾ നിശ്ചയിക്കപ്പെട്ടു.






# തളിരിലയും കരിയിലയും

**"കു**റേ ഇലകൾ എന്താണമ്മേ മരത്തിന്റെ താഴെ കിടക്കുന്നത്? അവയെന്താ മരത്തിന്റെ കമ്പുകളിൽ ഇരിക്കാത്തത്? താഴെ കിടക്കുന്ന ഇലകൾക്ക് മഞ്ഞനിറമാ. മരത്തിലുള്ളവയെല്ലാം പച്ചയും. അതെന്താണമ്മേ? ലിയാമോളുടെ ചോദ്യങ്ങൾ, ജീവിതത്തിലെ അനിവാര്യമായ ചില മാറ്റങ്ങളിലേക്കാണ് റോസിയുടെ ചിന്തകളെ നയിച്ചത്.

ചെടികളും മരങ്ങളുമൊക്കെ വളരുന്നതനുസരിച്ച് ഇലകൾ കൊഴിയുകയും പുതിയ തളിരിലകൾ ഉണ്ടാവുകയും ചെയ്യും. ഇത് പ്രകൃതിനിയമം. ഇവിടെ തളിരിലയ്ക്ക് അഹങ്കാരത്തിനോ കരിയിലയ്ക്ക് അപമാനത്തിനോ ദുഃഖത്തിനോ സ്ഥാനമില്ല. കുഞ്ഞിലയ്ക്ക് ചിന്തിക്കാവുന്നതിതാണ്-ഇതെന്റെ കർമ്മസമയം. ഒരുവേള ഞാനും താഴെക്കിടക്കുന്ന കരിയിലയുടെ അവസ്ഥയിലേക്ക്, മണ്ണിൽ വീണ് അഴിയുന്ന അവസ്ഥയിലേക്ക് എത്തും. പക്ഷേ, വരാനിരിക്കുന്ന അന്ത്യനാഴികയെയോർത്ത് വിലപിച്ച് സമയം കളയാനാവില്ല. സ്രഷ്ടാവ് ഏല്പിച്ച ജോലികൾ അന്ത്യത്തിനു മുമ്പായി ചെയ്തുതീർക്കേണ്ടിയിരിക്കുന്നു.

അനിവാര്യമായ മാറ്റങ്ങൾക്കു മുമ്പിൽ പകച്ചു നില്ക്കേണ്ടതില്ല. മരച്ചുവട്ടിൽ ഞെട്ടറ്റുകിടക്കുന്ന കരിയില തന്റെ ഇപ്പോഴത്തെ അവസ്ഥയിൽ ദുഃഖിക്കേണ്ട കാര്യമുണ്ടോ? മാതൃവൃക്ഷത്തോട് ചേർന്നിരുന്ന നാളുകളിൽ തന്റെ ദൗത്യം നിറവേറ്റിയെന്ന ആത്മസംതൃപ്തിയല്ലേ അതിനുവേണ്ടത്...? പൊഴിഞ്ഞുവീണാലും കരിഞ്ഞുണങ്ങിയാലും ഇനിയുമൊരു ദൗത്യം അവശേഷിക്കുന്നു എന്ന ചിന്ത സന്തോഷമല്ലേ നല്കേണ്ടത്... മണ്ണോടുചേർന്ന് വളമായിത്തീർന്ന് വീണ്ടും താൻ മറ്റുള്ളവർക്ക് ഉപകാരപ്രദനായിത്തീരുന്നു എന്ന ആനന്ദം!

ലോകത്തിന്റെ നേട്ടങ്ങളുടെ ഉന്നത ശ്രേണിയിൽ വിരാജിക്കുന്നവരോട് ഒരു വാക്ക് - ലോകനന്മയ്ക്കായി പ്രവർത്തിക്കാൻ

നിങ്ങളെ ഏല്പിച്ചിരിക്കുന്ന ഈ വിലപ്പെട്ട സമയം പരമാവധി പ്രയോജനപ്പെടുത്തുക. ആരോഗ്യം, അധികാരം, സമ്പത്ത്, സ്ഥാന മാനങ്ങൾ ഇങ്ങനെയിങ്ങനെ പലതും കൈമുതലായുണ്ടെങ്കിലും പിന്നിട്ട പാതകൾ നിങ്ങൾ മറക്കരുതേ... ഇത്രത്തോളം ഉയരാൻ സഹായമേകിയ സന്മനസ്സുകളെ നിങ്ങൾ വിസ്മരിക്കരുതേ... ജന്മം നല്കിയവർ മുതൽ ഈ നിമിഷം കണ്ടുമുട്ടുന്നവർവരെ നിങ്ങളുടെ ഉയർച്ചക്ക് കാരണമായവരാകാം. ഓർക്കുകയവരെ നന്ദിയോടെ; പാലിക്കുകയവരെ മരിക്കുവോളം. കാര്യം കണ്ടശേഷം ഒരു പാഴ്ജന്മമായി അവരെ കരുതിയാൽ കാത്തിരിക്കുക-കാലം നിന്നെയും ഒരു കറിവേപ്പിലപോലെ തള്ളും, തീർച്ച! ഏതെങ്കിലും വൃദ്ധസദനത്തിന്റെ ഒരു കോണിലെങ്കിലും ഇടംകിട്ടിയാൽ നന്ന്; നന്ദിയോടെ അത് സ്വീകരിക്കുക. കാരണം, ചായ്പ്പുകളെക്കാളും പട്ടിക്കൂടുകളെക്കാളും വഴിയോരത്തെക്കാളും സുരക്ഷിതത്വം അവിടെയുണ്ടാകും.

സമൂഹത്തിന്റെ പൊതുധാരയിൽനിന്നുമകന്ന് വിശ്രമജീവിതം നയിക്കുന്നവരും പ്രായത്തിന്റെ ജരാനരകൾ ബാധിച്ചവരും തങ്ങൾക്കന്യമായ ഭൂതകാലത്തെയോർത്ത് വ്യാകുലപ്പെടേണ്ടതുണ്ടോ? പുതുതലമുറയെ അസ്വസ്തതയോടെ വീക്ഷിക്കേണ്ടതുണ്ടോ? അവരുടെ ചെയ്തികളിൽ അനാവശ്യമായ കുറ്റാരോപണങ്ങളുടെ ആവശ്യമുണ്ടോ? അങ്ങനെ ചെയ്യുന്നുവെങ്കിൽ അവരുടെ കുറവുകളുടെ ഒരു പങ്ക് ഏറ്റെടുക്കാനും തയ്യാറാകേണ്ടി വരും! ദുഃഖത്തിന്റെയും കുറ്റപ്പെടുത്തലുകളുടെയും ഭാവങ്ങൾ മാറ്റിവയ്ക്കുക. ചെയ്യാനുള്ളതൊക്കെ ചെയ്തുതീർത്തതിന്റെയും, വരുംതലമുറക്ക് വെളിച്ചമായി ത്തീർന്നതിന്റെയും, അവർക്ക് പാത തെളിച്ചതിന്റെയുമൊക്കെ ആത്മസംതൃപ്തിയാവണം ഇനിയുണ്ടാകേണ്ടത്. അതുപോലെ, ഇളം തലമുറയിലെ കുഞ്ഞുങ്ങൾക്ക് സ്വാതന്ത്ര്യത്തോടെ സമീപിക്കാനാവുന്ന ഒരു ആശ്രയതീരമാകുക. അവർക്ക് വിശ്രമിക്കാനുള്ള ഒരു തണൽവൃക്ഷമാകുക. പ്രായോഗികജ്ഞാനവും ജീവിതാനുഭവങ്ങളും തലമുറകൾക്ക് ഒരു മുതൽക്കൂട്ടായി മാറ്റുക. അവർക്ക് സ്നേഹത്തിന്റെയും കരുതലിന്റെയും ചൂടുപകരുന്ന നെരിപ്പോടാകുക. എങ്കിൽ ലോകം നിങ്ങളെ വിലമതിക്കും, തീർച്ച!

തലമുറകൾ തമ്മിലുള്ള പരസ്പര മനസ്സിലാക്കലും പരസ്പര സ്നേഹവുമൊക്കെ പ്രായോഗികജീവിതത്തിലുണ്ടാകണമെങ്കിൽ വിശുദ്ധിയുടെ ആത്മാവായ പരിശുദ്ധാത്മാവിന്റെ സഹായം കൂടിയേതീരൂ. മാനുഷികതയിൽ കുടുങ്ങിക്കിടക്കാതെ, ക്ഷമയുടെയും സഹനത്തിന്റെയും വിട്ടുകൊടുക്കലിന്റെയും പങ്കുവയ്ക്കലിന്റെയുമൊക്കെ യഥാർത്ഥ ചൈതന്യം ഉള്ളിൽ നിറയാൻ, ആത്മാവിന്റെ വരദാനങ്ങളുടെ സമൃദ്ധി ജീവിതത്തിൽ അനുഭവിക്കാൻ നമുക്കിടയാകട്ടെ.

**Muth**

### ശ്ലീഹാക്കാലം

രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണമായി അയയ്ക്കപ്പെട്ട അരൂപിയുടെ പ്രവർത്തനത്തിലൂടെ ശ്ലീഹന്മാർ സുവിശേഷപ്രഘോഷണം നടത്തിയതുവഴി അക്രൈസ്തവസമൂഹം മാമ്മോദീസാ സ്വീകരിച്ച് വിശ്വാസികളുടെ സമൂഹമായിത്തീർന്നു. ബാബേലിൽ ഭാഷ ചിതറിക്കപ്പെട്ടുവെങ്കിൽ ജറുസലേമിൽ വിവിധ ഭാഷാജ്ഞാനം നല്കിക്കൊണ്ട് എല്ലാ ജനതകളെയും ദൈവം ഐക്യപ്പെടുത്തി. ഇപ്പോഴും ഭാഷ, ജാതി, മതം, വർണ്ണം എന്നിവയുടെ പേരിൽ കലഹം തുടരുന്നത് മനുഷ്യന്റെ സങ്കുചിതമനഃസ്ഥിതി ഒന്നുകൊണ്ടു മാത്രമാണ്. ⏩

കുടുംബവേദി

# സ്നേഹത്തെ ഒറ്റുകൊടുക്കല്ലേ...



ജെ. കെ.

വളരെയേറെ തവണ കണ്ടു പരിചയമുള്ള ഒരു സ്ത്രീയാണ്. പക്ഷേ വ്യക്തിപരമായി പരിചയപ്പെടാൻ കഴിഞ്ഞിട്ടില്ല. അന്ന് പള്ളിയിൽനിന്നിറങ്ങിയപ്പോൾ മുഖം നിറയെ പുഞ്ചിരിയുമായി അവൾ എന്റെ അടുക്കൽ വന്നു. പരസ്പരം പരിചയപ്പെട്ടു. പേര് അനില. ഒരു കംപ്യൂട്ടർ എൻജിനീയറുടെ ഭാര്യയാണ്. സാമാന്യം സാമ്പത്തികശേഷിയുള്ള കുടുംബാംഗം. യാത്രപറഞ്ഞ് പോകും മുമ്പ് അവൾ എന്നോട് ചോദിച്ചു. സാധിക്കുമെങ്കിൽ വീടുവരെ ഒന്നു വരുമോ? ഒരു ദിവസം സമയം കിട്ടിയപ്പോൾ ആ വീടുവരെ പോയി. ക്ഷേമാന്വേഷണങ്ങൾക്ക് ശേഷം ഞാൻ അനിലയുടെ ഭർത്താവിനെക്കുറിച്ച് ചോദിച്ചു. "ജോലിക്ക് പോയതാണ്" അതു പറഞ്ഞതും ഒരു പൊട്ടിക്കരച്ചിലാണ് പുറകേ വന്നത്. കണ്ണീരിനിടയിലൂടെ അവൾ തന്റെ ജീവിതകഥ പറഞ്ഞു ''അയലത്തെ വീട്ടിൽ ഭർത്താവ്

അന്തിയുറങ്ങാൻ പോകുന്നതു നോക്കി നിൽക്കേണ്ടിവരുന്ന ഹതഭാഗ്യയായ ഒരു ഭാര്യ യാണ് ഞാൻ'' കരച്ചിലൊതുക്കി അവൾ തുടർന്നു "എന്താ ചെയ്യേണ്ടതെന്ന്" എനിക്കറിയില്ല. എന്നാലാവും വിധം ആ മനുഷ്യനെ ഞാൻ സ്നേഹിക്കുന്നുണ്ട്. പക്ഷേ.... കഴിഞ്ഞ ഒരു മാസം മുമ്പ് ഒരു ആക്സിഡന്റിൽ അദ്ദേഹത്തിന്റെ രണ്ടു കാലിനും സാരമായ പരിക്കുപറ്റി. 20 ദിവസം ആശുപത്രിയിൽ കൂടെനിന്ന് ശുശ്രൂഷിച്ചത് ഞാനാണ്. ഡിസ്ചാർജ്ജ് ആയി വീട്ടിൽ വന്ന ദിവസം എന്നോട് പറഞ്ഞു 'അവൾ' നോക്കിയിരുന്ന് മടുത്തിട്ടുണ്ടാവും, എനിക്ക് അവിടെ വരെ പോകണം. തടസ്സം പറഞ്ഞ എന്നെ ചീത്തപറഞ്ഞു, ഉപദ്രവിച്ചു. 19-ാം വയസ്സിൽ അയാളുടെ കൂടെ ഇറങ്ങിപോന്നവളാ ഞാൻ. 20 ഉം 18 ഉം വയസ്സു പ്രായമുള്ള രണ്ടാൺമക്കളുണ്ടെനിക്ക്. ഈ വൃത്തികേട് കാണാതെ അവരെ ഞാൻ എവിടെ കൊണ്ടൊളിപ്പിക്കും? കയ്യിൽപ്പിടിച്ച് പൊട്ടിക്കരയുന്ന ആ സ്ത്രീയുടെ ചോദ്യങ്ങൾക്ക് എനിക്ക് മറുപടി ഉണ്ടായിരുന്നില്ല.

എവിടെപ്പോയി നമ്മുടെ കുടുംബ ബന്ധങ്ങളുടെ പവിത്രത? വെറും ശരീരസുഖം മാത്രം നോക്കുന്ന വ്യവസായമായി വിവാഹബന്ധങ്ങൾ തരംതാണുവോ? ഇന്നു മുതൽ മരണം വരെ എന്നു തുടങ്ങി വി. ഗ്രന്ഥം സാക്ഷ്യയാക്കി ചൊല്ലിയ പ്രതിജ്ഞ ഇന്ന് ആൽബത്താളുകളിൽ ഒരു ചിത്രം മാത്രമായി ഒതുങ്ങിയിരിക്കുന്നു. പണ്ട് പരസ്ത്രീ (പുരുഷ) ബന്ധം ഒളിച്ചും പാത്തും ആയിരുന്നെങ്കിൽ ഇന്നത് നാലാളറിയെ ചെയ്യാൻ മാത്രം കത്തോലിക്കരുടെ ധാർമ്മികത 'വളർന്നിരിക്കുക'യാണ്. "വ്യഭിചാരം സ്നേഹത്തെ അടിസ്ഥാനപരമായി ഒറ്റിക്കൊടുക്കലാണ്. ദൈവതിരുമുമ്പാകെ നിർവ്വഹിച്ച ഉടമ്പടിയുടെ ലംഘനവും അയല്ക്കാരനെതിരായ അനീതിയുമാണ്'' (CCC 2353) എന്ന് കത്തോലിക്കാ സഭ നമ്മെ പഠിപ്പിക്കുന്നു.

എത്ര കഷ്ടപ്പാടുകളുണ്ടായാലും തങ്ങളുടെ കുടുംബബന്ധങ്ങൾ പവിത്രമായി കാത്തുസൂക്ഷിച്ച ഒരു നല്ല പാരമ്പര്യം നമ്മുടെ പഴയ തലമുറക്കാർ നമുക്ക് സമ്മാനിച്ചിട്ടുണ്ട്. ഇന്ന് നാമത് കാത്തുസൂക്ഷിച്ചില്ലങ്കിൽ നമ്മുടെ മക്കൾക്ക് നാമെന്ത് പകർന്നുകൊടുക്കും? സോദോം, ഗൊമോറായുടെ മേൽ ജ്വലിച്ചിറങ്ങിയ കർത്താവിന്റെ കോപം നമ്മുടെമേൽ പതിക്കാതിരിക്കാൻ നമുക്ക് ജാഗരൂകതയുള്ളവരാകാം.

***"വ്യഭിചാരം സ്നേഹത്തെ അടിസ്ഥാനപരമായി ഒറ്റിക്കൊടുക്കലാണ്. ദൈവതിരുമുമ്പാകെ നിർവ്വഹിച്ച ഉടമ്പടിയുടെ ലംഘനവും അയല്ക്കാരനെതിരായ അനീതിയുമാണ്"*** (CCC 2353)

### ശ്ലീഹാക്കാലം ഞായറാഴ്ചകളിലെ വിശുദ്ധഗ്രന്ഥവായനകൾ

1. യോഹ 16,5-15; 1 കൊറി 12,1-11
2. യോഹ 16,12-15; റോമാ 5,1-5
3. ലൂക്കാ 10,25-37; 1 കൊറി 7,1-7
4. ലൂക്കാ 6,27-36; 1 കൊറി 9,19-27
5. ലൂക്കാ 12,22-34; 1 കൊറി 14,1-12
6. ലൂക്കാ 13,1-9; 1 കൊറി 10,14-22
7. ലൂക്കാ 13,22-30; 1 കൊറി 15,58-16,14

പ്രതീക്ഷയുടെ പൂമൊട്ടുകൾ



# "എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ"


**തങ്കച്ചൻ ജെ. മുളവന**
**അനുഗ്രഹ, ചങ്ങനാശ്ശേരി**


"**എ**ന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ". നമ്മൾ സ്ഥിരമായി ഏറ്റുപറയുന്നു. തെറ്റു ചെയ്തതിന്റെ യഥാർത്ഥ പശ്ചാത്താപമോ ഇനി ഇത് ആവർത്തിക്കുകയില്ലെന്ന ദൃഢപ്രതിജ്ഞയോ എടുക്കാതെ, ആ പ്രാർത്ഥനയുടെ അന്തസ്സത്ത ഉൾക്കൊള്ളാതെ വെറുമൊരു പറച്ചിൽ മാത്രം നിരന്തരം ആവർത്തിച്ചുകൊണ്ട് പിഴയാളിയായ ഞാൻ എക്സ്പീരിയൻസ് കൂടുതലുള്ള പിഴയാളിയായി മാറിക്കൊണ്ടേയിരിക്കുന്നു.

ഒരു വികാരിയച്ചൻ ഇടവകാ ഡയറക്ടറിയിൽ നല്ല കുമ്പസാരത്തിനുവേണ്ടി പാപങ്ങളുടെ ദീർഘമായ ഒരു ലിസ്റ്റ് നൽകിയിരിക്കുന്നത് കാണുവാനിടയായി. അവയെക്കുറിച്ച് ധ്യാനാത്മകമായി ചിന്തിച്ചപ്പോൾ ഞാൻ മനസ്സിലാക്കിയത് ആസക്തിയാണു പാപം അല്ലെങ്കിൽ പാപത്തിന്റെ ഉറവിടം ആസക്തിയാണ് എന്നതാണ്. ആദ്യപാപത്തിന്റെ ഉത്ഭവംതന്നെ ആസക്തിയായിരുന്നല്ലോ. ദൈവം നല്കിയ നിരവധി നന്മകളെയും അനുഗ്രഹങ്ങളെയും വിട്ട് അതിനേക്കാൾ വലുതു നേടാനുള്ള ആസക്തി.




ദൈവം ആവശ്യമായവയെല്ലാം നമുക്കു നല്കിയിട്ടുണ്ട്. ഇതിനു വളരെ വിപുലമായ അർത്ഥങ്ങളുണ്ട്. നമുക്കു നല്കിയത് തുല്യമായിട്ടാണ്. എല്ലാ മനുഷ്യർക്കും രണ്ടു കണ്ണുകൾ, രണ്ടു കൈകാലുകൾ, ഒരു തല, ഒരു ഹൃദയം: ഏതു ഭൂഖണ്ഡത്തിലായാലും ഇതിൽ നിന്നു വ്യത്യസ്തമായി ഒരു മനുഷ്യസൃഷ്ടിയില്ല (മനുഷ്യകാരണങ്ങളാൽ ഉണ്ടാകാറുള്ള ചില സൃഷ്ടിവൈകല്യങ്ങൾ ഇവിടെ കണക്കിലെടുക്കുന്നില്ല). പണം കൂടുതലുള്ളവന് രണ്ടു ഹൃദയമില്ല. മൂന്നു കിഡ്നികളില്ല. അതായത് മനുഷ്യനെ ദൈവം സൃഷ്ടിച്ചത് തുല്യതയോടെ. ഈ പ്രപഞ്ചത്തിലുള്ള സകലതും തുല്യതയോടെ അവനവന്റെ ആവശ്യത്തിനുമാത്രം അനുഭവിക്കാനും നല്കി. ആർത്തിപൂണ്ട മനുഷ്യൻ 'എല്ലാം എല്ലാവർക്കും', 'എല്ലാം ആവശ്യത്തിനുമാത്രം' എന്ന ദൈവത്തിന്റെ ഇക്വേഷൻ മാറ്റിയെഴുതാൻ തുടങ്ങി. അവിടെയാണു പാപം തിന്മയുടെ സകല തീവ്രഭാവങ്ങളോടെയും രൂപം കൊള്ളുന്നത്. സ്വന്തം ശരീരത്തിലേക്കൊന്നു നോക്കൂ, നമുക്കാവശ്യമായവ കൂടിയാലും കുറഞ്ഞാലും കുഴപ്പംതന്നെ. വേണ്ടതു വേണ്ട രീതിയിൽ നല്കിയാണ് ഈ ലോകജീവിതത്തിനായി ദൈവം നമ്മെ ഒരുക്കിയെടുത്തിരിക്കുന്നത്. കൃത്രിമമാർഗ്ഗങ്ങളിലൂടെയോ ഭക്ഷ്യവസ്തുക്കളോടുള്ള ആർത്തിമൂലമോ അവയുടെ ക്രമീകരണം തെറ്റിച്ചാൽ അതിന്റെ ഫലം അനുഭവിച്ചേ തീരൂ. ഹോർമോൺ ആണെങ്കിലും വൈറ്റമിനാണെങ്കിലും സോഡിയമാണെങ്കിലും രക്തസമ്മർദ്ദമാണെങ്കിലും ഷുഗറാണെങ്കിലും കൂടാനും പാടില്ല, കുറയാനും പാടില്ല. ഒരു സസ്യത്തിന് ഏറ്റവും ആവശ്യമായതു ജലമാണ്. ജലമില്ലെങ്കിൽ അതു കരിയും. അതിനു നിലനില്പില്ല. പക്ഷേ ഈ ജലം കൂടിപ്പോയാലോ. എല്ലാം ആവശ്യത്തിനുമാത്രം. ആർത്തി പാടില്ല, ആസക്തി പാടില്ല.

ഇതുതന്നെയാണ് ശരീരത്തിനു പുറത്തുള്ള നമ്മുടെ ജീവിതരീതികളിലും സ്വഭാവത്തിലും ദൈവം അനുവദിച്ചിരിക്കുന്നത്. സ്വന്തം സഹജീവിയെ കൊല്ലുന്നതടക്കമുള്ള എല്ലാ പാപങ്ങളുടെയും പിന്നിൽ എന്തിനോടെങ്കിലുമുള്ള അതിയായ ആസക്തിയുണ്ടെന്നു സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്കു കാണാൻ കഴിയും. മറ്റൊരു കാര്യം ലോകത്തു ജീവിക്കുന്ന സംസ്കാരശൂന്യമായ ജീവി മനുഷ്യനാണെന്നു പറയാം. കാരണം ഒരു മൃഗവും സ്വന്തം വംശത്തെ, സഹജീവിയെ വിശപ്പിനു വേണ്ടിപ്പോലും കൊല്ലുകയില്ല. പക്ഷേ മനുഷ്യനോ? സ്വന്തം മക്കളെ കൊല്ലുന്ന മാതാപിതാക്കൾ, ജന്മം നല്കിയ മാതാപിതാക്കളെ കൊല്ലുന്ന മക്കൾ, ഭാര്യയെ കൊല്ലുന്ന ഭർത്താവ്... മനുഷ്യന്റെ സംസ്കാരം അധഃപതിക്കുമ്പോൾ മൃഗീയസംസ്കാരമെന്നു പറഞ്ഞ് നമ്മൾ ആക്ഷേപിക്കും. മൃഗങ്ങളുടെ സംസ്കാരമാണോ മനുഷ്യസംസ്കാരമാണോ മെച്ചമെന്ന് നമ്മൾ പഠിക്കേണ്ടിയിരിക്കുന്നു. മനുഷ്യത്വവും മൃഗീയതയുമില്ലാത്ത, പൈശാചികജീവിയായി മനുഷ്യൻ മാറിക്കഴിഞ്ഞിരിക്കുന്നു. ഇതിനെല്ലാം കാരണം ആസക്തി തന്നെ.

ആസക്തി എന്തിനോടുമാകാം. പണമാകാം, പെണ്ണാകാം, ഭൂമിയാകാം, അധികാരമാകാം, ഉപഭോഗവസ്തുക്കളാകാം, കോപം, കാമം തുടങ്ങിയ വികാരങ്ങളാകാം. ഇവയൊന്നും അതിനാൽത്തന്നെ പാപങ്ങളോ പാപകാരണങ്ങളോ അല്ല. പക്ഷേ ദൈവം നമുക്ക് അനുവദിച്ചിരിക്കുന്ന റേഷനിൽ കൂടുതൽ വേണമെന്ന് ആഗ്രഹിക്കുമ്പോൾ മറ്റൊരുത്തനു ദൈവം കരുതിവച്ചിരിക്കുന്നതാണു ഞാനെടുക്കുന്നത്. അവിടെയാണു ഞാൻ പാപിയാകുന്നത്. എന്റെ പിഴ. ആഗ്രഹങ്ങൾ ഭീകരരൂപംപൂണ്ട് ആർത്തിയായി മാറുമ്പോൾ എന്റെ വലിയ പിഴ. അപ്പോഴാണ് എനിക്കും എന്റെ മക്കൾക്കും മാത്രമല്ല, ആറു തലമുറകൾക്കുള്ളത് എനിക്കു സമ്പാദിക്കണമെന്ന മോഹമുണ്ടാകുന്നത്. ചിലർക്കത് അധികാരമോഹമാകാം. ഉയരങ്ങളെത്താൻ കൂടെനിൽക്കുന്നവന്റെ തോളത്തു ചവിട്ടിക്കയറുന്ന സ്വഭാവം. അരിഞ്ഞുവീഴ്ത്തുന്ന പ്രവണത. മെച്ചപ്പെട്ട സമ്പത്തുള്ളവൻ ബാങ്ക് പാസ്ബുക്കിലെ പൂജ്യത്തിന്റെ എണ്ണം കൂട്ടാനും, സ്വന്തം കാൽക്കീ

ഴിലുള്ള ഭൂമിയുടെ വിസ്തൃതി ഹെക്ടറുകളാക്കാനും കഷ്ടപ്പെടുന്നതും ഇല്ലാത്തവൻ ഉള്ളവനെപ്പോലെ ചമഞ്ഞുനടക്കാനും പൊങ്ങച്ചം കാട്ടാനും കടം വാങ്ങി, ഒടുവിൽ പിടിച്ചു നിൽക്കാനാവാതെ ആത്മഹത്യ ചെയ്യുന്നതും ലൗകികതയോടും സുഖസമൃദ്ധിയോടുമുള്ള ഈ ആസക്തികാരണംതന്നെ. സമൂഹത്തിൽ കാണുന്ന ഉപഭോഗവസ്തുക്കൾ കടം വാങ്ങി ഉപയോഗിക്കുമ്പോൾ ഓർക്കുക, ഇത് ആസക്തിയാണ്. കിടക്കാൻ കിടപ്പാടമില്ലാത്ത അനേകലക്ഷം ജനങ്ങളുള്ള നമ്മുടെ ഈ ചെറിയ സംസ്ഥാനത്ത് രണ്ടു ലക്ഷത്തിലേറെ ഭവനങ്ങൾ താമസിക്കാൻ ആളില്ലാതെ പൂട്ടികിടക്കുമ്പോൾ, രണ്ടു മക്കളുള്ള കുടുംബം അഞ്ചു കിടക്കമുറിയുള്ള ഭവനം പണിയുന്നത് ആസക്തിയാണ്. ലോകത്തിൽ സ്ത്രീയുടെയും പുരുഷന്റെയും എണ്ണം ഏറെക്കുറെ തുല്യമാണ്. തനിക്കു ദൈവം തന്ന ഇണയെക്കൂടാതെ ഒന്നിനെക്കൂടിവേണമെന്നാഗ്രഹിക്കുമ്പോഴും ഓർക്കുക, ഇത് ആസക്തിയാണ്.



ആസക്തിയിൽ നിന്നു വിമുക്തി നേടാൻ ആദ്യമേതന്നെ നാം അടിയുറച്ച ദൈവവിശ്വാസമുള്ളവരാകണം, എന്റെ കാര്യങ്ങൾ നടത്തുന്നതും തീരുമാനിക്കുന്നതും ദൈവമാണെന്നും അതിനു ഞാൻ ചെയ്യേണ്ടത് തുറന്ന ഒരു മനസ്സ് ദൈവത്തിനു നൽകുകയാണെന്നും ബോധ്യമുള്ളവരാകുക. ദിവസവും അല്പസമയം ദൈവത്തോടു സംസാരിക്കുക. അതൊരു ഉള്ളുതുറന്ന, കാപട്യമില്ലാത്ത, എല്ലാം പറയുന്ന ഏറ്റുപറച്ചിലാകട്ടെ, സ്വകാര്യസംഭാഷണമാവട്ടെ. നാളെയെക്കുറിച്ച് അതിരുകവിഞ്ഞ ആശങ്കയും ആകുലതയും ഇല്ലാത്തവരാകുക. വിജയവും പരാജയവും ജീവിതത്തിൽ ഒഴിവാക്കാനാവാത്തതാണ്. സമ്പത്തല്ല ഒന്നിന്റെയും അളവുകോൽ. എല്ലാവിധ സമ്പത്തുകളുള്ളവനും കരയാനുള്ള അവസ്ഥയും പരാജയപ്പെടാനുള്ള കാരണങ്ങളും ഈ ഭൂമിയിൽ അനുഭവപ്പെടുന്നുണ്ട്. ആരും ഇതിൽനിന്നു മോചിതരല്ല. ഈശോപോലും മൂന്നു പ്രാവശ്യം കരഞ്ഞതായി വി.ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. സങ്കടങ്ങളെയും ദുഃഖങ്ങളെയും വിജയപരാജയങ്ങളെയും അനുഭവപാഠങ്ങളാക്കിയെടുത്തുകൊണ്ട് ജീവിക്കാൻ കഴിഞ്ഞാൽ സമ്പത്തോ, അധികാരമോ ഒന്നുമില്ലാതെതന്നെ നമുക്കീ ഭൂമിയിൽ സന്തോഷത്തോടെ ജീവിക്കാൻ കഴിയും.

പാപമാലിന്യങ്ങളുടെ സുനാമിത്തിരയിൽ നമ്മുടെ കുമ്പസാരക്കൂടുകൾ കുത്തിയൊലിക്കാതിരിക്കണമെങ്കിൽ നമ്മുടെ വലിയപിഴകൾ ചെറിയപിഴകളായി മാറുകതന്നെ വേണം. നമ്മുടെ മനസ്സിനെ അന്യരുടെ മേച്ചില്പ്പുറങ്ങളിലേക്കും കണ്ടുകാഴ്ചകളിലേക്കും അലഞ്ഞുതിരിയാൻ വിടാതെ സ്വന്തം നിയ

ന്ത്രണത്തിൽ അടക്കിനിർത്താൻ കഴിയണം. ഉള്ളതുകൊണ്ടു ജീവിക്കുന്നവനാണ് ഏറ്റവുമധികം സന്തോഷമനുഭവിക്കുന്നത്. ഇല്ലാത്തതോർത്തു സങ്കടപ്പെടാതെ, ഇത്രയും നൽകിയ തമ്പുരാനെ സ്തുതിക്കുക. പലപ്പോഴും വേദനകളുടെ രൂപത്തിലാണ് തമ്പുരാൻ നമ്മുടെ മുമ്പിൽ വരുക. ഒരു സുഹൃത്തിന്റെ അനുഭവം പങ്കുവയ്ക്കാതിരിക്കാനാവില്ല. ചങ്ങനാശേരി അതിരൂപതയിലെ ഒരു സ്ഥാപനത്തിലെ ജീവനക്കാരനാണ്. ഭാര്യ ഗൃഹസ്ഥ. അദ്ദേഹത്തിനു രണ്ടു പെൺ മക്കൾ. വളരെ കഷ്ടപ്പെട്ടു ജീവിക്കുന്നു. ഒരു ദുഃസ്വഭാവവുമില്ല. ജോലിസമയം കഴിഞ്ഞ് ഓവർടൈം ചെയ്തു കുടുംബം പുലർത്തുന്നു. പലപ്പോഴും നേഴ്സിംഗിനു പഠിക്കുന്ന മക്കളുടെ പഠനാവശ്യത്തിനും ചികത്സയ്ക്കുമൊക്കെ കടം വാങ്ങേണ്ടിവരുന്നു. ഇതിനിടയിൽ മേൽക്കൂര വീഴാറായ പുര നന്നാക്കാനോ, വിജാഗിരി പോയി ദ്രവിച്ച വാതിലുകൾ മാറ്റാനോ ഒന്നും കഴിഞ്ഞില്ല. മഴക്കാലത്തു പുരയ്ക്കകത്തിരിക്കുന്നതിനേക്കാൾ ഭേദം പുറത്തിരിക്കുന്നതാണ്. അങ്ങനെയിരിക്കെ കൂനിന്മേൽ കുരു എന്നപോലെ, ജോലിയെടുക്കവേ ഒരു അപകടത്തിൽ വിരൽ അറ്റു. ആ പാവത്തോടെന്തേ ദൈവം ഇങ്ങനെ ചെയ്തു എന്ന ചിന്തയായിരുന്നു എല്ലാവർക്കുമുള്ളത്. ഹോസ്പിറ്റലിൽ മാനേജരച്ചൻ സന്ദർശിക്കാൻ ചെന്നു. ആശുപത്രിച്ചെലവുകൾ സ്ഥാപനം വഹിച്ചു. പിന്നീട് വീടിന്റെ അവസ്ഥ കണ്ട് അമ്പരന്ന അച്ചൻ ഉടനെതന്നെ വീട് താമസയോഗ്യമാക്കിത്തീർക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു. രൂപതാദ്ധ്യക്ഷൻതന്നെ പോയി വീടു വെഞ്ചരിക്കുകയും ചെയ്തു. ഒരു വേദന മറ്റൊരു നന്മയ്ക്ക് വഴിയൊരുക്കുകയായിരുന്നു.

ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നവിധം മനസ്സിനെ പാകപ്പെടുത്തുക, നമുക്കാവശ്യമുള്ളതുമാത്രം ആഗ്രഹിക്കുക. നമ്മുടെ കുഞ്ഞുങ്ങളെ അതനുസരിച്ചു വളർത്തുക. അവരുടെ വളർച്ചയ്ക്കാവശ്യം നമ്മുടെ സ്നേഹവും ദൈവത്തിന്റെ അനുഗ്രഹവുമാണ്. അതിനു നാം പണം മുടക്കേണ്ട. ഞാനായിരിക്കുന്ന അവസ്ഥയിൽ എന്നെ സ്നേഹിക്കാനും എനിക്കുള്ളതിൽ തൃപ്തിയടയാനും സാധിച്ചാൽ, എന്റെ ഇല്ലായ്മയിലും ആപത്തുകളിലും എന്നോടൊപ്പം ദൈവമുണ്ടാകുമെന്നു വിശ്വസിച്ചാൽ എനിക്കു പിന്നെ അതിമോഹങ്ങളില്ല, ആസക്തികളില്ല. അങ്ങനെ വരുമ്പോൾ 'എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ' എന്നതിനു പകരം 'എന്റെ പിഴ, എന്റെ പിഴ, എന്റെ ചെറിയ പിഴ' എന്നു മാറ്റാൻ എനിക്കാവും. അതൊരു വലിയമാറ്റത്തിനു നാന്ദിയാവും. എനിക്കു മാത്രമല്ല, സമൂഹത്തിനും.

**ശ്ലീഹാക്കാലം**
**തിരുനാളുകൾ**

മെയ് 19 പന്തക്കുസ്താത്തിരുനാൾ

മെയ് 24 സ്വർണ്ണവെള്ളി

മെയ് 26 പരി.ത്രിത്വത്തിന്റെ തിരുനാൾ

മെയ് 30 പരി.കുർബാനയുടെ തിരുനാൾ

ജൂൺ 7 ഈശോയുടെ തിരുഹൃദയത്തിരുനാൾ

ജൂൺ 8 മാതാവിന്റെ വിമലഹൃദയം, വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാ

ജൂൺ 9 മാർ അപ്രേം

ജൂൺ 13 പാദുവായിലെ വി. അന്തോണീസ്

ജൂൺ 29 വി. പത്രോസ്-പൗലോസ്ശ്ലീഹന്മാർ






# സ്വപ്നം യാഥാർത്ഥ്യമായാൽ

ഫിലോ കുറ്റിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഒരിക്കൽ ഞങ്ങൾ സ്വർഗ്ഗത്തിലേക്ക് ഒരു തീർത്ഥയാത്ര നടത്തി. പലരുടേയും കയ്യിൽ സ്വർഗ്ഗം തുറക്കാനുള്ള താക്കോൽ കരുതിയിരുന്നു. അങ്ങനെ ഞങ്ങൾ ഒന്നിച്ചു യാത്ര പുറപ്പെട്ടു. നീണ്ട യാത്രയ്ക്കും കാത്തിരിപ്പിനും ശേഷം സ്വർഗ്ഗ കവാടത്തിൽ എത്തിച്ചേർന്നു. അപ്പോൾ മത്തായിച്ചേട്ടൻ തന്റെ സ്വർണ്ണ താക്കോൽ (പ്രിയപ്പെട്ട പെൺകുട്ടിയെ വിവാഹത്തിനു സഹായിച്ചതിന്റെ പേരിൽ കിട്ടിയത്) എടുത്തു സ്വർഗ്ഗകവാടം തുറക്കാൻ ആവതു ശ്രമിച്ചു. പക്ഷേ തുറക്കാൻ സാധിക്കുന്നില്ല. അപ്പോൾ കത്രീനാ ചേടത്തി തന്റെ താക്കോലുമായി (വളരെ പേരെ സഹായിച്ചതിന്റെ പേരിൽ കിട്ടിയ സേവനതാക്കോൽ) രംഗത്തെത്തി. അല്പം തലയെടുപ്പോടെനിന്ന് സ്വർഗ്ഗവാതിൽ തുറക്കാൻ ശ്രമിച്ചു. കിണഞ്ഞു പരിശ്രമിച്ചിട്ടും സാധിക്കുന്നില്ല. അതും വിഫലം എന്നു ഞങ്ങൾ തിരിച്ചറിഞ്ഞു. അപ്പോഴാണ് അയൽപക്കത്തെ റോസമ്മചേടത്തി കടന്നുവരുന്നതു ശ്രദ്ധയിൽ പെട്ടത്. റോസമ്മ ചേടത്തി എന്തായിരിക്കും ചെയ്യുക എന്നു കാണാൻ ഞങ്ങൾ ആകാംക്ഷയോടെ നിന്നു. ചേടത്തി തന്റെ താക്കോൽ എടുത്തു നിഷ്പ്രയാസം സ്വർഗ്ഗകവാടം തുറന്ന് അകത്തു കയറി. അങ്ങനെ പലരും അകത്തു കടക്കുന്നതു ഞങ്ങൾ കണ്ടു. അവരോടൊപ്പം കയറാൻ ശ്രമിച്ചെങ്കിലും അതിനു മുമ്പേ കവാടം താനേ അടഞ്ഞുകഴിഞ്ഞിരിക്കും.

അങ്ങനെ നില്ക്കുമ്പോൾ ഞങ്ങളുടെ കൂടെയുണ്ടായിരുന്ന വിശുദ്ധനായി അറിയപ്പെട്ടിരുന്ന ഒരു വ്യക്തി നന്മയുടെ താക്കോൽ (മറ്റുള്ളവർക്കുവേണ്ടി വളരെയധികം നന്മ ചെയ്തതിന്റെ ഫലമായി കിട്ടിയത്) പുറത്തെടുത്തു. എല്ലാവരും സന്തോഷത്തോടെ അദ്ദേഹത്തോടൊപ്പം അകത്തു കടക്കാമല്ലോ എന്നു ചിന്തിച്ച് കവാടത്തിലേക്കു നീങ്ങി. പക്ഷേ ആ ശ്രമവും വിഫലമായി. പലരും തങ്ങളുടെ താക്കോൽ കൊണ്ട് തുറക്കാനുള്ള ശ്രമം തുർന്നുകൊണ്ടിരുന്നു. അങ്ങനെ വിഷണ്ണരായി, വിഷമത്തോടെ നില്ക്കുന്ന ഞങ്ങളുടെ അടുത്തേക്ക് ഒരു ദൈവദൂതൻ കടന്നുവന്നു. എന്തുകൊണ്ടാണ് ഞങ്ങൾക്കു സ്വർഗ്ഗം തുറക്കാൻ സാധിക്കാത്തത് എന്നു ഞങ്ങൾ ദൂതനോടു ചോദിച്ചു.

ദൂതൻ ചോദിച്ചു ''സ്വർഗ്ഗത്തിലേക്കു കടന്നുപോയവരുടെ കൈയിലെ താക്കോൽ നിങ്ങൾ ശ്രദ്ധിച്ചോ? ആ താക്കോലുകളിൽ നനവുണ്ടായിരുന്നു. അത് അനുതാപക്കണ്ണീരിന്റെ താക്കോൽ ആയിരുന്നു. അനുതാപകണ്ണീരിന്റെ താക്കോൽ കൊണ്ടു മാത്രമേ സ്വർഗ്ഗകവാടം തുറക്കാൻ സാധിക്കു'' എന്നു പറഞ്ഞ് ദൂതൻ മറഞ്ഞു. കരച്ചിലിന്റെ വക്കത്തെത്തി നില്ക്കുമ്പോൾ ഞാൻ ഞെട്ടി ഉണർന്നു. അനുതാപം ആണ് സ്വർഗ്ഗത്തിൽ എത്തി ദൈവത്തിന്റെ മുഖം നേരിൽ കാണാൻ അവസരം ഒരുക്കുന്നത് എന്ന വലിയൊരു തിരിച്ചറിവിലേക്ക് ആ സ്വപ്നം എന്നെ നയിച്ചു. യഥാർത്ഥ വിശ്വാസം അനുതാപത്തിലേക്കും പ്രത്യാശയിലേക്കും നമ്മെ നയിക്കും. നന്മതിന്മകളുടെ കണക്കല്ല ദൈവത്തിനാവശ്യം, അനുതപിക്കുന്ന ഹൃദയമാണ്. ഈ വിശ്വാസവർഷം അതിലേക്കു നമ്മെ നയിക്കട്ടെ!"






# അമ്മയ്ക്കൊപ്പം വിശ്വാസവഴിയേ

ബ്ലെസി ചേക്കയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

(ദൈവദൂതനിറങ്ങുന്നു, എന്ന രീതി)

ഓ! പരി. അമ്മേ, ഈശോനാഥന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം, പരി. ആത്മാവിന്റെ ആവാസത്തിനായി പ്രാർത്ഥനാ നിരതരായിരുന്ന ശിഷ്യന്മാരോടൊപ്പം, അങ്ങുമുണ്ടായിരുന്നല്ലോ. പരിശുദ്ധാത്മാവിനാൽ പൂരിതരാകുവാനും ലോകത്തിന്റെ അതിർത്തികൾ വരെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനും ശ്ലീഹന്മാർ ശക്തരായല്ലോ. ഓ പരി. അമ്മേ, ദിവ്യാത്മാവിനാൽ പൂരിതരായി, മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനും വിശുദ്ധ ജീവിതം നയിക്കുവാനും സ്വർഗ്ഗീയ മഹത്ത്വം പ്രാപിക്കുവാനും, ഞങ്ങൾക്കായ് പ്രാർത്ഥിക്കണമേ.

### 1–ാം ദിവ്യരഹസ്യം

ദൈവാത്മാവിൻ വരവിന്നായ്
ശ്ലീഹന്മാരോടൊന്നായി
ജറുസലേമിൽ പ്രാർത്ഥിച്ച
കന്യാമാതാവേ
ദൈവാത്മാവീ മക്കളിലും
നിത്യം നിറയാനായ്
കന്യാമേരി ഞങ്ങൾക്കായ്
പ്രാർത്ഥിക്കേണമേ.

### 2–ാം ദിവ്യരഹസ്യം

പെന്തക്കുസ്താ സുദിനത്തിൽ
പാവനറൂഹാ ആഗതനായ്
ശ്ലീഹന്മാർ സുധീരരായ്
സാക്ഷ്യമണച്ചല്ലോ
റൂഹാതൻ നൽകൃപയാലേ
പ്രേഷിതരായ് തീരാൻ
കന്യാമേരി ഞങ്ങൾക്കായ്
പ്രർത്ഥിക്കേണമേ.

### 3–ാം ദിവ്യരഹസ്യം

ദൈവരാജ്യപ്രഘോഷകരായ്
ശ്ലീഹരിറങ്ങുന്നു
ലോകാതിർത്തികൾ വരയുമവർ
സാക്ഷ്യമതേകുന്നു
സുവിശേഷത്തിൻ സാക്ഷികളായ്
നിത്യം നിലനിൽക്കാൻ
കന്യാമേരി ഞങ്ങൾക്കായ്
പ്രാർത്ഥിക്കേണമേ.

### 4–ാം ദിവ്യരഹസ്യം

ലോകരക്ഷകനായീടും
മിശിഹാ നാഥന്നായ്
ജീവൻ നൽകീ ശ്ലീഹന്മാർ
പ്രശോഭിതരായല്ലോ
സത്യദൈവപുത്രന്നായ്
ജീവിതമർപ്പിക്കാൻ
കന്യാമേരി ഞങ്ങൾക്കായ്
പ്രാർത്ഥിക്കേണമേ.

### 5–ാം ദിവ്യരഹസ്യം

ദൈവപിതാവിൻ പ്രിയസുതനായ്
സ്വർഗ്ഗേവാഴുന്ന
മിശിഹാനാഥനൊടൊന്നായി
ശ്ലീഹർ വാഴുന്നു
അന്ത്യത്തോളം വിശ്വസ്തരായ്
സ്വർഗ്ഗം പുൽകീടാൻ
കന്യാമേരി ഞങ്ങൾക്കായ്
പ്രാർത്ഥിക്കേണമേ.







# 3 ജി ബ്രോക്കേഴ്സ്!!!

**ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**

"അച്ചോ, പണ്ടത്തെപ്പോലെ കേറിയിറങ്ങി നടന്നുള്ള കച്ചവടമൊന്നും ഇപ്പോഴില്ല. ഇനി ജീവിച്ചുപോകണമെങ്കിൽ ഒന്നുകിൽ കമ്പ്യൂട്ടർ പഠിക്കണം, അല്ലെങ്കിൽ കൗൺസിലിംഗ് പഠിക്കണം"! വഴിയിൽ കണ്ടുമുട്ടിയ പഴയൊരു വസ്തുവില്പന ബ്രോക്കറോട് കച്ചവടമൊക്കെ എങ്ങനെയുണ്ടെന്ന് കുശലം ചോദിച്ചപ്പോൾ കിട്ടിയതാണ് കൗതുകം ജനിപ്പിക്കുന്ന ഈ മറുപടി. ഇടനിലക്കാരന്റെ പടവലങ്ങാ പോലുള്ള നാവിൽനിന്ന് വീണ വാക്കുകൾ എന്നിൽ അല്പം ആകാംഷയുണർത്തി."കമ്പ്യൂട്ടർ പഠിക്കണമെന്ന് പറഞ്ഞത് മനസിലായി. പക്ഷെ, കൗൺസിലിംഗും കച്ചവടവുമായി എന്താ ബന്ധം?" "അച്ചോ, കഴിഞ്ഞവർഷം ഇവിടെ ഏറ്റവും കൂടുതൽ വസ്തുക്കച്ചവടം നടത്തിയത് രണ്ടു ബ്രദർമാരാ. ഒരു ധ്യാനവും കൗൺസിലിംഗും നടത്തിയാപ്പിന്നെ ചാകരയല്ലെ. ധ്യാനിക്കാൻ വരുന്നതു മുഴുവൻ വസ്തു വില്ക്കാനും വാങ്ങാനുമൊക്കെ എന്തെങ്കിലും 'തടസ'മുള്ളവരും വീടില്ലാത്തവരുമൊക്കെയാ. ഓരോ ധ്യാനവും കൗൺസിലിംഗും കഴിഞ്ഞ് ആ 'തടസ'മുള്ള വസ്തുവും വീടുമൊക്കെ വാങ്ങിയും വിറ്റും അവരങ്ങു കൊഴുത്തു". ബ്രോക്കറിന്റെ നാക്കിന് ബ്രേക്ക് നഷ്ടപ്പെടുകയാണെന്ന് തിരിച്ചറിഞ്ഞ് ഞാൻ സംസാരം ഉപചാരം പറഞ്ഞവസാനിപ്പിച്ചു.

എന്നാൽ അയാളുടെ വാക്കുകളിൽ നിന്ന് നമ്മുടെ മനസുകൾക്ക് പോറലുണ്ടാക്കുന്ന ചില ചീളുകൾ തെറിച്ചത് നാം തിരിച്ചറിയണം. ചില ധ്യാനഗുരുക്കന്മാരും കൗൺസിലിംഗുകാരും പുതിയ കച്ചവട മേഖലകളിലേക്ക് പരിശുദ്ധാത്മാവിന്റെ കൈപിടിച്ച് കയറിപ്പോകുന്നുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. ധ്യാനവും കൗൺസിലിംഗുമായി നടന്ന് ഇന്നു കോടികളുടെ കച്ചവടം നടത്താൻ ശേഷിയുള്ളവരായി ചിലരെങ്കിലും വളർന്നിട്ടുണ്ടെങ്കിൽ ആ വളർച്ചയുടെ ചരിത്രവഴികൾ അന്വേഷിക്കേണ്ടിയിരിക്കുന്നു. ആദ്ധ്യാത്മികമേഖലയിൽ പ്രവർത്തിക്കുന്നവർക്ക്, പ്രത്യേകിച്ച് അല്മായർക്ക് ഭൗതികസമ്പത്ത് സമ്പാദിക്കാൻ അവകാശമില്ലെന്ന് ആർക്കും പറയാൻ കഴിയില്ല. എന്നാൽ അതിനുള്ള മാർഗമായി തങ്ങളുടെ ആത്മീയശുശ്രൂഷകൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ അത് ഗുരുതരമായ തിന്മ തന്നെയാണ്. ജീവിതപ്രതിസന്ധികളുമായി വരുന്ന മനുഷ്യരുടെ വിശ്വാസത്തെ ചൂഷണം ചെയ്ത് പരിശുദ്ധാത്മാവിനെ വെറും ബ്രോക്കറായി മാറ്റി കോടികളുടെ കച്ചവടം നടത്തുന്ന ബ്രദറുമാരുടെ നടപടികളെ മുളയിലെ നുള്ളാൻ സഭയ്ക്കു സാധിക്കേണ്ടതാണ്. അല്ലെങ്കിൽ ആൾ ദൈവങ്ങളുടെയും 'സത്യസഭ'കളുടെയും എണ്ണം ഇനിയും കൂടിക്കൊണ്ടിരിക്കും.

പരിശുദ്ധാത്മാവിന്റെ വരദാനങ്ങളെക്കുറിച്ച് ധ്യാനിക്കുന്ന ശ്ലീഹാക്കാലത്തിൽ ശരിയായ പ്രബോധനങ്ങളിലൂടെ സത്യവിശ്വാസത്തിന്റെ മാർഗത്തിൽ സഭ നയിക്കപ്പെടാൻ ഇടവരട്ടെ. അതോടൊപ്പം ആത്മാവും ആത്മീയതയും കച്ചവടത്തിന്റെ ഇടവഴികളാക്കുന്നവർക്കെതിരെ ജാഗ്രത പുലർത്താനും നമുക്കാകട്ടെ.

വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ



## Spirituality Centre Programme

**June**

- 08-09 - Personality Development Camp
- 11-12 - Cenacle Meeting
- 15 - Founder's Day
- 15-16 - School of Bible
- 22 - Recollection for Oblates
- 29 - Founder's Birth Centenary Celebration

**July**

- 10 - Social Animators' Meeting
- 13-14 - Cenacle Meeting
- 17 - Recollection for Oblates
- 18-19 - School of Bible
- 20-21 - Cenacle Meeting

# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

പരിശുദ്ധാത്മാവിനെ നല്കി സുവിശേഷ
ചൈതന്യംകൊണ്ട് ശ്ലീഹന്മാരെ നിറച്ച
കർത്താവായ ദൈവമേ,
ഈ ദിവ്യാത്മാവിന്റെ ദാനങ്ങൾ
ഞങ്ങളുടെ സമൂഹത്തിലും വർഷിക്കണമേ.
അങ്ങനെ ഞങ്ങളെല്ലാവരും മിശിഹായ്ക്കു
സാക്ഷ്യംവഹിക്കുന്ന പ്രേഷിതരാകട്ടെ.
പരസ്പരസ്നേഹത്തിലും
ഐക്യത്തിലും ഞങ്ങൾ വളരുകയും
അവിടുത്തെ അനുയായികൾക്കു
യോഗ്യമാംവിധം വ്യാപരിക്കുകയും
ചെയ്യട്ടെ.
(സീറോ മലബാർസഭയുടെ കുർബാനക്രമത്തിൽനിന്ന്)

For private circulation only
പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്